## അദ്ധ്യായം എട്ട്

# ഗിരി പ്രഭാഷണം

### (The Sermon on the Mount)

ശിഷ്യന്മാരെ നേടാൻ താല്പര്യമുള്ള ശുശ്രൂഷകൻ, യേശുവിന്റെ ഗിരി പ്രഭാഷണത്തിൽ വളരെ തത്പരനായിരിക്കും. ഗിരിപ്രഭാഷണം ലളിതമാണ് എന്നാൽ കല്പനകൾ നിറഞ്ഞതാണ്. ഒരു ശുശ്രൂഷകൻ, യേശുവിന്റെ ഈ മാതൃക പിൻപറ്റേതാണ്.

മത്താ. 5 മുതൽ 7 വരെയുള്ള അദ്ധ്യായങ്ങളിലെ വചനങ്ങൾ നിങ്ങളുമായി പങ്കുവക്കുവാൻ താല്പര്യപ്പെടുന്നു. ഓരോ ശുശ്രൂഷകനും തന്റെ വിശ്വാസികളെ, ഈ ഗിരിപ്രഭാഷണം വാക്യപ്രതിവാക്യമായി പ ഠിപ്പിക്കണമെന്ന് ഞാൻ ശുപാർശചെയ്യുന്നു.

ഗിരി പ്രഭാഷണത്തിന്റെ ഏകദേശ രൂപം താഴെ കൊടുക്കുന്നു.

I. യേശു തന്റെ പ്രേക്ഷകരെ ശേഖരിക്കുന്നു (5:1-2).

II. ആമുഖം (5:3-20).

a) അനുഗ്രഹിക്കപ്പെട്ടവരുടെ പ്രത്യേകതകൾ (5:1-3-12).

b) ലോകത്തിന്റെ ഉപ്പും, വെളിച്ചവും ആയിരിക്കുന്നതിനെക്കുറിച്ചുള്ള മുന്നറിയിപ്പ് (5: 13-16).

c) ക്രിസ്തുവിന്റെ അനുയായികൾക്ക് ന്യായപ്രമാണവുമായുള്ള ബന്ധം (5:17-20).

III. പ്രഭാഷണം: പരീശന്മാരുടേയും ശാസ്ത്രിമാരുടേയും നീതിയെ കവിയുന്ന തായിരിക്കണം (5:21, 7:12).

a) പരീശന്മാരിലും ശാസ്ത്രിമാരിലും വ്യത്യസ്തമായി നിങ്ങൾ പ രസ്പരം സ്നേഹിക്കുക ( 5:21-26).

b) പരീശന്മാരിലും ശാസ്ത്രിമാരിൽനിന്നും വിഭിന്നമായി ലൈംഗിക വിശുദ്ധി പാലിക്കുക (5: 27-32).

c) പരീശന്മാരിലും ശാസ്ത്രിമാരിലും വ്യത്യസ്തമായി സത്യസന്ധരാ യിരിക്കുക (5:33-37).

d) പരീശന്മാരും ശാസ്ത്രിമാരും ചെയ്യുന്നതുപോലെ പ്രതികാരം ചെയ്യാതിരിക്കുക (5: 38-42).

e) പരിശന്മാരും ശാസ്ത്രിമാരും ചെയ്യുന്നതുപോലെ നിങ്ങൾ നിങ്ങളുടെ ശത്രുവിനെ വെറുക്കാതിരിക്കുക (5: 43-48).

f) നന്മക്ക് അനുകൂലമായി പ്രവർത്തിക്കുക 6:1-18.

1) സദുദ്ദേശത്തോടെ നന്മചെയ്യുക (6:2-4).

2) സദുദ്ദേശത്തോടെ പ്രാർത്ഥിക്കുക (6:5-6).

3) പ്രാർത്ഥനയിലും, ദീർഘക്ഷമയിലും ഉാകുന്ന വ്യതിചലനം (6:7-15).

a) പ്രാർത്ഥനക്കുള്ള നിർദ്ദേശങ്ങൾ (6:7-13).

b) പരസ്പരം ക്ഷമിക്കേതിന്റെ ആവശ്യകത (6:8-15).

4) ലക്ഷ്യപ്രാപ്തിക്കുവേിയുള്ള ഉപവാസം (6: 16-18).

g) പരീശന്മാരും ശാസ്ത്രിമാരും ചെയ്യുന്നതുപോലെ ഭിക്ഷ കൊടുക്കാതിരിക്കുക (6:19-34).

h) സഹോദരന്മാരുടെ നിസ്സാര കുറ്റങ്ങളെ വിലയിരുത്തരുത് (7: 1-5).

i) മുത്ത് പന്നിയുടെ മുമ്പിൽ വിതറരുത് (7:6).

j) പ്രാർത്ഥനക്കുള്ള പ്രോത്സാഹനം (7: 7-11).

IV. ഉപസംഹാരം: പ്രഭാഷണത്തിന്റെ രത്നചുരുക്കം

a) പ്രസ്താവനകളുടെ രത്നചുരുക്കം 7:12

b) അനുസരണത്തിന്റെ ആവശ്യകത 7: 13-14.

c) കപടപ്രവാചകന്മാരെയും വിശ്വാസികളേയും തിരിച്ചറിയുക 7:15-23.

d) അനുസരണക്കേടിനുള്ള അവസാന മുന്നറിയിപ്പ് (7: 24-27).

## യേശു പ്രേക്ഷകരെ സ്വരൂപിക്കുന്നു
## (Jesus Gathers His Audience)

“അവൻ പുരുഷാരത്തെ കാറെ മലമേൽ കയറി. അവൻ ഇരുന്ന ശേഷം ശിഷ്യന്മാർ അടുക്കൽ വന്നു. അവൻ തിരുവായ് മൊഴിഞ്ഞ് അവരോട് ഉപദേശിച്ചതെന്തെന്നാൽ” (മത്താ 5:1-2).

“പുരുഷാരത്തെ” വിട്ട് മലമുകളിൽ കയറി എന്നതിൽ നിന്നും യേശു മനപൂർവ്വമായി തന്റെ പ്രേക്ഷകരുടെ എണ്ണം കുറയ്ക്കാൻ ശ്രമിച്ചു എന്നുതോന്നാം. തിരുവചനം കേൾക്കാൻ താത്പര്യമുള്ളവർ മാത്രം മലമുകളിൽ യേശുവിന്റെ സന്നിധിയിൽ എത്തിയിരിക്കുന്നു എന്ന് ശിഷ്യന്മാർ പറയുന്നു. അവർ എണ്ണത്തിൽ കുറവായിരുന്നു അവരെ “പുരുഷാരം” എന്നു പറയുന്നു.

യേശുവിന്റെ പ്രഭാഷണത്തിന്റെ തുടക്കത്തിൽ തന്നെ പ്രഭാഷണത്തിന്റെ ലക്ഷ്യത്തിന്റെ പൊരുൾ വെളിപ്പെടാറ്. ഭാഗ്യവാന്മാർ, അനുഗ്രഹിക്കപ്പെട്ടവർ എന്നൊക്കെ ഊന്നൽ നൽകി സ്വർഗ്ഗരാജ്യത്തെ പ

രാമർശിക്കുന്നു. "വിശുദ്ധിയുള്ളവർ മാത്രം സ്വർക്ഷരാജ്യത്തെ കൈവശമാക്കും." ഇവരെ 5:3–12 വരെയുള്ള വാകൃങ്ങളിൽ ഭാഗ്യവാന്മാർ എന്നു പറഞ്ഞിരിക്കുന്നു.

യേശു ഭാഗ്യവാന്മാരുടെ ഒരു പട്ടികതന്നെ നിരത്തുന്നു, അവർക്കു ലഭിക്കുവാൻ പോകുന്ന അനുഗ്രഹത്തെയും അവിടെ വിശദീകരിക്കുന്നു. ലാഘവത്തോടെ വചനം വായിക്കുന്ന ഒരാൾക്ക് ഈ ഭാഗ്യാവസ്ഥ തനിക്കും അർഹതപ്പെട്ടതാണെന്ന് തോന്നാം എന്നാൽ ഭാഗ്യവാൻ ആരെന്ന് വ്യക്തമായി അവിടെ പറഞ്ഞിരിക്കുന്നു. അങ്ങനെയുള്ള ഭാഗ്യവാന് മാത്രമെ സ്വർഗ്ഗരാജ്യം ലഭിക്കയുള്ള. സ്വർഗ്ഗരാജ്യം ലഭിക്കുന്നതിലുള്ള വ്യവസ്ഥകൾ വ്യക്തമായി പറഞ്ഞിരിക്കുന്നു. വചനം തീഷ്ണതയോടുവായിക്കുന്ന ഒരുവന് മാത്രമേ അത് വെളിപ്പെടുകയുള്ളു. യഥാർത്ഥ വിശ്വാസികൾക്ക് അവകാശപ്പെട്ടതാണ് സ്വർഗ്ഗം. ബുദ്ധിപരമായ മറ്റൊരു വ്യാഖ്യാനത്തിന് ഇവിടെ പ്രസക്തിയില്ല.

ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ, സ്വർഗ്ഗരാജ്യം അവർക്കുള്ളത്.

ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ, അവർക്ക് ആശ്വാസം ലഭിക്കും.

സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ; അവർ ഭൂമിയെ അവകാശമാക്കും.

നീതിക്കു വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ, അവർക്ക് തൃപ്തി വരും.

കരുണയുള്ളവർ ഭാഗ്യവാന്മാർ, അവർക്കു കരുണ ലഭിക്കും.

ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെകാണും.

സമാധാനം ഉാക്കുന്നവർ ഭാഗ്യവാന്മാർ, അവർ ദൈവത്തിന്റെ പ ുത്രന്മാർ എന്നു വിളിക്കപ്പെടും.

നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ, സ്വർഗ്ഗരാജ്യം അവർക്കുള്ളത്.

എന്റെ നിമിത്തം നിങ്ങളെ പഴിക്കയും ഉപദ്രവിക്കയും നിങ്ങളെക്കൊ് എല്ലാ തിന്മയും കളവായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊു സന്തോഷിച്ചുല്ലസിപ്പിൻ; നിങ്ങൾക്കുമുമ്പെ ഉായിരുന്ന പ്രവാചകന്മാരേയും അവർ അങ്ങനെത്തന്നെ ഉപദ്രവിച്ചുവല്ലൊ (മത്താ 5:3–12).

## അനുഗ്രഹവും അതിന്റെ സവിശേഷതകളും
## (The Blessings and Character Traits)

ഒന്നാമതായി നമുക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന അനുഗ്രഹങ്ങളെ ക്കുറിച്ച് ചിന്തിക്കാം. യേശു പറഞ്ഞു: അനുഗ്രഹിക്കപ്പെട്ടവർ 1) സ്വർഗ്ഗരാജ്യം അവകാശമാക്കും, 2) ആശ്വാസം പ്രാപിക്കും, 3) ഭൂമിയെ അവകാശമാക്കും, 4) അവർക്ക് തൃപ്തിവരും, 5) അവർക്ക് കരുണ ലഭിക്കും, 6) ദൈവത്തെ കാണും, 7) ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും, 8) സ്വർഗ്ഗരാജ്യം അവർക്കുള്ളത് (ഒന്നാമത് പറഞ്ഞതിന്റെ ആവർത്തനം).

ഹൃദയശുദ്ധിയുള്ളവരും, നീതിക്കുവേി ദാഹിക്കുന്നവരും മാത്രം സ്വർഗ്ഗരാജ്യം കൈവശമാക്കും. ഈ ചിന്തയാണോ യേശു നമ്മുടെയുള്ളിൽ തരുന്നത്? ഹൃദയശുദ്ധിയുള്ളവർ ദൈവത്തെകാണും സമാധാനം ഉ ാക്കുന്നവർ, ദൈവത്തിന്റെ മക്കൾ എന്നു വിളിക്കപ്പെടും, മറ്റാരും സ്വർഗ്ഗരാജ്യം കൈവശമാക്കുകയില്ലേ? സമാധാനം ഉാക്കുന്നവർക്ക് കരുണ ലഭിക്കില്ലേ? ഈ കരുണയുള്ളവർ ദൈവത്തിന്റെ മക്കൾ എന്നു വിളിക്കപ്പെടില്ലേ? തീർച്ചയായും ഇതൊക്കെ തെറ്റായ ചില കാഴ്ചപ്പാടുകളാണ്. വ്യക്തമായി പ റഞ്ഞാൻ സ്വർഗ്ഗരാജ്യം കൈവശമാക്കുക എന്ന മഹത്തായ ഒരു അനുഗ്രഹത്തിന്റെ വ്യത്യസ്തമായ രൂപങ്ങളാണ് ഇതെല്ലാം.

യേശു പറഞ്ഞ വ്യത്യസ്തമായ ഭാവങ്ങളെക്കുറിച്ച് നമുക്ക് ചി ന്തിക്കാം. 1) ആത്മാവിൽ ദരിദ്രരായവർ, 2) ദുഃഖിക്കുന്നവർ, 3) സൗമ്യതയുള്ളവർ, 4) നീതിക്കു വിശന്നു ദാഹിക്കുന്നവർ, 5) കരുണയുള്ളവർ, 6) ഹൃദയശുദ്ധിയുള്ളവർ, 7) സമാധാനം ഉാക്കുന്നവർ, 8) ഉപദ്രവിക്കപ്പെടുന്നവർ.

കരുണയില്ലാതെ, ഹൃദയശുദ്ധിയുള്ളവർ ആയിരിക്കുവാൻ കഴിയുമോ? നീതിക്കുവേി വിശക്കുകയും, ദാഹിക്കുകയും ചെയ്യാതെ ഒരുവന് നീതിക്കുവേി ഉപദ്രവിക്കപ്പെടാൻ കഴിയുമോ? തീർച്ചയായും സാധ്യമല്ല. സ്വരൂപം അതിന്റെ തന്നെ വ്യത്യസ്തതയുടെ സമന്വയമാണ്.

യേശുവിന്റെ യഥാർത്ഥ അനുയായികളുടെ സ്വഭാവവിശേഷതകൾ വ്യക്തമായും വിവരിച്ചുകൊ് യേശു തന്റെ ശിഷ്യന്മാർക്ക് ഉറപ്പുകൊടുക്കുന്നു, അനുഗ്രഹിക്കപ്പെട്ടവരും രക്ഷിക്കപ്പെട്ടവരുമായ നിങ്ങൾ ഒരിക്കൽ സ്വർഗ്ഗരാജ്യം അവകാശമാക്കും. എന്നാൽ മറ്റുള്ളവരുടെ ദൃഷ്ടിയിൽ അവർ ഇപ്പോൾ അനുഗ്രഹിക്കപ്പെട്ടവരായി കാണപ്പെടുകയില്ല, കാരണം അവർ ഇവരുടെ ദുഃഖങ്ങൾ മാത്രമെ കാണുന്നുള്ളു. എന്നാൽ ദൈവത്തിന്റെ ദൃഷ്ടിയിൽ അവരെല്ലാം അനുഗ്രഹിക്കപ്പെട്ടവരായി കാണപ്പെടും.

യേശുവിന്റെ അരുളപ്പാടിന്റെ പട്ടികയിൽ വരാത്തവർ അനുഗ്രഹിക്കപ്പെട്ടവരല്ല, അവർ സ്വർഗ്ഗരാജ്യം അവകാശമാക്കുകയില്ല. വിശ്വാസികളെ നേടുന്ന ഒരോ ശുശ്രൂഷകനും (ഇടയൻ) ഈ വിലപ്പെട്ട അരുളപ്പാട് തന്റെ ആട്ടിൻ കൂട്ടത്തെ അറിയിക്കേത് അത്യാവശ്യമാണ്.

## അനുഗ്രഹിക്കപ്പെട്ടവരുടെ ലക്ഷണങ്ങൾ
## (The Character Traits of the Blessed)

അനുഗ്രഹിക്കപ്പെട്ടവരുടെ 8 ലക്ഷണങ്ങൾ വ്യാഖ്യാനത്തെ ആശ്രയിച്ചിരിക്കുന്നു. ഉദാഹരണത്തിന്, ആത്മാവിൽ ദരിദ്രരായവർ ആയിരിക്കുന്നതുകൊള്ള ഗുണമെന്ത്? രക്ഷിക്കപ്പെട്ട ഒരുവൻ തന്റെ ആത്മിക ദാരിദ്രത്തെക്കുറിച്ച് ബോധവാനായിരിക്കുക എന്നതാണ് അവനു ായിരിക്കേ ആദ്യലക്ഷണം. രക്ഷിക്കപ്പെടുന്നതിനുമുമ്പ് രക്ഷകനെക്കുറിച്ചറിയണം. യേശുവിനെ പിൻപറ്റിയ പുരുഷാരം അത്തരം അറിവുള്ളവരായിരുന്നു. അവർ യിസ്രായേലിൽ പാപ അന്ധത പിടിച്ച ഭൂരിപ ക്ഷത്തിൽനിന്നും വ്യത്യസ്തരും എത്ര അനുഗ്രഹിക്കപ്പെട്ടവരും ആയിരുന്നു.

സ്വന്തംകഴിവുകളും പ്രാപ്തികളും ഇല്ലെന്നു തുറന്നു സമ്മതിക്കലാണ് അനുഗ്രഹത്തിന്റെ ആദ്യപടി. എനിക്ക് ദൈവത്തിനു നൽകാൻ ഒന്നുമില്ല എന്റെ നീതി കറപുര ഒരു തുണി പോലെയാണ് എന്ന ഒരുവനാണ് യഥാർത്ഥത്തിൽ അനുഗ്രഹിക്കപ്പെട്ടവൻ (യെശ 4: 6 KJV).

ഒരുവന്റെ സ്വന്തം അദ്ധ്വാനത്തിലൂടെ മാത്രം അനുഗ്രഹം പ്രാപിക്കാം എന്ന് കരുതുന്നത് ശരിയല്ല. അനുഗ്രഹിക്കപ്പെട്ടവന്റെ ഗുണവിശേഷങ്ങൾ ഇല്ലാത്ത ഒരുവനും ദൈവത്താൽ അനുഗ്രഹിക്കപ്പെടുന്നില്ല. ഇത് ദൈവത്തിന്റെ കൃപയിൽനിന്നു പുറപ്പെടുന്നതാണ്. യേശു പറഞ്ഞ അനുഗ്രഹിക്കപ്പെട്ടവർ അനുഗ്രഹിക്കപ്പെട്ടവരായിരുന്നത് അവർക്ക് സ്വർഗ്ഗത്തിൽ ലഭിക്കാൻ പോകുന്ന അനുഗ്രഹങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമല്ല, അവരുടെ ജീവിതകാലത്ത് ഭൂമിയിലായിരിക്കുമ്പോൾ അവർ ചെയ്യണമെന്ന് ദൈവം ആഗ്രഹിക്കുന്ന പ്രവൃത്തിയുടെ അടിസ്ഥാനത്തിൽകൂടെയാണ്. അനുഗ്രഹിക്കപ്പെട്ടവരുടെ ലക്ഷണങ്ങളെ കാണുമ്പോൾ, ഞാൻ എന്തുചെയ്തു എന്നല്ല, ദൈവം കൃപയാൽ എനിക്ക് എന്ത് ചെയ്തു എന്നതാണ് ഓർമ്മ വരുന്നത്.

## ദുഃഖിക്കുന്നവർ
## (The Mournful)

''ദുഃഖിക്കുന്നവർ'' സ്വർഗ്ഗരാജ്യത്തെ കാംക്ഷിക്കുന്നവരുടെ പട്ടികയിൽ പ്രഥമരായി ഗണിക്കപ്പെടുന്നു. ഇതിന്റെ രാം ഭാഗം വളരെ അർത്ഥവത്താണ് ''ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ'' (മത്താ 5:4) ഹൃദയംതുറന്ന ഒരു പാശ്ചാത്താപമാണൊ യേശു ഇവിടെ വിവരിക്കുന്നത്? തീർച്ചയായും, അങ്ങനെ എന്ന് ഞാൻ വിശ്വസിക്കുന്നു കാരണം രക്ഷയ്ക്ക് ഈ അനുതാപം ആവശ്യമാണെന്ന് വചനം വെളിപ്പെടുത്തുന്നു (2 കൊരി 7:10). അനുതപിച്ച ചുങ്കക്കാരൻ ഇങ്ങനെ അനുഗ്രഹം പ്രാപിച്ചത് ഉദാഹരണമാണ്. ആലയത്തിൽ വച്ച് തലകുമ്പിട്ട്, മാറത്തടിച്ച് കരുണയ്ക്കുവേി അവൻ യാചിച്ചു. അടുത്തുനിന്ന പരീശനോ, അഹ ന്തയോട്, സർവ്വത്തിലും താൻ ദശാംശംകൊടുക്കുന്നു, ആഴ്ചയിൽ ര

ുപ്രാവശ്യം ഉപവസിക്കുന്നു എന്നൊക്കെ തന്റെ സത്പ്രവൃത്തികൾ ദൈവത്തെ ഓർമ്മപ്പെടുത്തി പ്രാർത്ഥിച്ചു. ചുങ്കക്കാരൻ പാപക്ഷമ പ്രാപിച്ചവനായി ആലയം വിട്ടുപോയി. ഈ കഥയിൽ ചുങ്കക്കാരൻ അനുഗ്രഹിക്കപ്പെട്ടു, പരീശനോ ഒരു മാറ്റവും ഉായില്ല (ലൂക്കോ 18: 9–14). യേശുവിന്റെ പ്രസംഗം ശ്രവിച്ച പുരുഷാരത്തിൽ പരിശുദ്ധാത്മാവിന്റെ നിറവിൽ ദുഃഖം കഴുകിക്കളയാൻ കഴിഞ്ഞവരുായിരുന്നു. അവർക്ക് പ രിശുദ്ധാത്മാവിന്റെ ആശ്വാസം ലഭിക്കുകയും ചെയ്തു.

അനുതപിച്ച് കർത്താവിങ്കലേക്ക് കടന്നുവരുന്ന ഒരുവന്റെ ദുഃഖത്തെയല്ല കർത്താവ് വിവരിക്കുന്നത്; ദൈവം സ്നേഹിക്കുമ്പോഴും ദൈവത്തോടു മത്സരിക്കുന്ന ജനങ്ങളുടെ നടുവിൽ പാർക്കുന്ന ഒരു വിശ്വാസിയുടെ ദുഃഖത്തെയാണ് യേശു വിവരിക്കുന്നത്. പൗലോസ് ഇതിനെ തന്റെ ഹൃദയത്തിലെ അഗാധമായ ദുഃഖം എന്നു രേഖപ്പെടുത്തിയിരിക്കുന്നു (റോമ 9:2).

## എളിയവൻ (സൗമ്യൻ)
## (The Gentle)

ആത്മാവിന്റെ ഫലങ്ങളിൽ ഒന്നായിട്ടാണ് വചനത്തിൽ സൗമ്യതയെ രേഖപ്പെടുത്തിയിരിക്കുന്നത് (ഗലാ 5:22). സൗമ്യത സ്വയംഭുവായ ഒരു ഗുണമല്ല. ദൈവകൃപ പ്രാപിച്ചവരും ദൈവാത്മാവ് ഉള്ളിൽ ഉള്ളവരുടെ ഒരു വിശിഷ്ട ഗുണമാണ്. അവർ ഭൂമിയെ അവകാശമാക്കും കാരണം നീതിയുള്ളവർ മാത്രമെ ദൈവം സൃഷ്ടിക്കുന്ന പുതിയ ഭൂമിയിൽ വസിക്കുകയുള്ളു. പരുക്കന്മാരും പരാക്രമികളുമായ വിശ്വാസികൾ ശ്രദ്ധിക്കുക. അവർ അനുഗ്രഹിക്കപ്പെട്ടവരുടെ കൂട്ടത്തിലുള്ളവർ അല്ല.

## നീതിക്കുവേി വിശക്കുന്നവർ
## (Hungering for Righteousness)

വീും ജനനം പ്രാപിച്ച ഓരോരുത്തരുടേയും ഉള്ളിൽ ദൈവം നൽകിയ താത്പര്യമാണ് നാലാമത്തെ ഗുണമായ നീതിക്കുവേി വിശക്കുകയും ദാഹിക്കുകയും ചെയ്യുക എന്നുള്ളത്. ലോകത്തിന്റെ അനീതി അവനെ ദുഃഖിപ്പിക്കുന്നു. അവൻ പാപത്തെ വെറുക്കുന്നു (സങ്കീ 97:10, 119:128, 163) നീതിയെ സ്നേഹിക്കുന്നു.

വചനത്തിൽ നീതി എന്ന വാക്കു വായിക്കുമ്പോൾ കർത്താവ് നമുക്ക് തന്ന നിയമപരമായ വാഗ്ദത്തം എന്ന് നാം വ്യാഖ്യാനിക്കാറു്. പക്ഷെ, വാക്കിന്റെ അർത്ഥം അങ്ങനെ ആയിക്കൊള്ളണമെന്നില്ല. മേന്മയുള്ള ദൈവിക നിലവാരത്തിലുള്ള ജീവിത ശൈലി എന്നാണ് യേശു അർത്ഥമാക്കുന്നത്. കാരണം ഒരുവനിലുള്ള ഒരു ഗുണത്തിനുവേി ഒരു വിശ്വാസിക്ക് വീും വിശക്കണമെന്നില്ല. ആത്മാവിൽ ജന ിച്ചവൻ നീതിയിൽ ജീവിക്കുന്നു, അവന് തൃപ്തിവരുമെന്ന് അവന് വിശ്വാസമു്

(മത്താ 5:6). നിങ്ങളിൽ നല്ല പ്രവർത്തിയെ ആരംഭിച്ചവൻ യേശുക്രിസ്തുവിന്റെ നാളോളം അതിനെ തികക്കും എന്ന് ഞാൻ ഉറപ്പായി വിശ്വസിച്ചിരിക്കുന്നു (ഫിലി. 1: 4).

യേശുവിന്റെ വാക്ക് ഒരു പുതിയ ഭൂമിയെ, നീതിവാഴുന്ന ഒരു പുതിയ ഭൂമിയെ വെളിപ്പെടുത്തുന്നു (2 പത്രോ 3:13) അവിടെ പാപം ഉായിരിക്കയില്ല. ഓരോരുത്തരും പൂർണ്ണഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുകയും, അയൽക്കാരനെ തന്നെപ്പോലെ സ്നേഹിക്കുകയും ചെയ്യും. നീതിക്കുവേി വിശന്നു ദാഹിക്കുന്നവർക്ക് തൃപ്തിവരും. പൂർണ്ണഹൃദയത്തോടുള്ള പ്രാർത്ഥനക്ക് ഉത്തരം ലഭിക്കും. ദൈവത്തിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകും (മത്താ 6:10).

## കരുണയുള്ളവർ
## (The Merciful)

കരുണാമയനായ ദൈവം, വീും ജനനം പ്രാപിച്ച ഒരുവന്റെ ഉള്ളിൽ വസിക്കുന്നതിനാൽ, അവനും കാരുണ്യം എന്ന ഗുണം വെളിപ്പെടുത്തുന്നു. കരുണയില്ലാത്തവർ ദൈവത്താൽ അനുഗ്രഹിക്കപ്പെടുന്നില്ല തന്മൂലം ദൈവ കൃപയുടെ പങ്കാളികളല്ല. അപ്പോസ്തലനായ യാക്കോബ് പറഞ്ഞു: കരുണകാണിക്കാത്തവനു കരുണയില്ലാത്ത ന്യായവിധിയുാകും (യാക്കോ 2:13) ദൈവത്തിൽ നിന്ന് കരുണയില്ലാത്ത ന്യായവിധി ലഭിക്കുന്ന ഒരുവൻ സ്വർഗ്ഗത്തിലാണോ നരകത്തിലാണോ പോകുന്നത്?[36] ഉത്തരം വളരെ സ്പഷ്ടം.

യജമാനന്റെ പക്കൽനിന്നും വലിയ കടം ഇളച്ചുകിട്ടി കരുണ ലഭിച്ച ഒരു ദാസൻ അവന്റെ ദാസനോടു കരുണ കാണിക്കാതിരുന്ന കഥ യേശു ഒരിക്കൽ പറയുകയുായി. യജമാൻ ഇത് അറിഞ്ഞപ്പോൾ വളരെ കോപിച്ചു. കടമൊക്കേയും തീർക്കുവോളം അവനെ ദണ്ഡിപ്പിക്കുന്നവരുടെ കയ്യിൽ ഏല്പിച്ചു (മത്തായി 18:34). അവന്റെ പഴയ കടങ്ങൾ എല്ലാം അവനിലേക്കു മടങ്ങിവന്നു. യേശു ശിഷ്യന്മാരോടു പറഞ്ഞു. നിങ്ങൾ ഓരോരുത്തൻ സഹോദരനോടു ഹൃദയപൂർവ്വം ക്ഷമിക്കാഞ്ഞാൽ സ്വർഗ്ഗസ്ഥനായ എന്റെ പ ിതാവ് അങ്ങനെതന്നെ നിങ്ങളോട് ചെയ്യും (മത്താ 18:35). ഒരു സഹോദരൻ യേശുവിന്റെ നാമത്തിൽ നിന്നോടു ക്ഷമ യാചിക്കുമ്പോൾ, നീ ക്ഷമിക്കുന്നില്ലായെങ്കിൽ, വലിയവനായ ദൈവം നിനക്ക് നൽകിയ ക്ഷമയും പിൻവലിക്കുമെന്ന് ഓർത്തു കൊള്ളേണം. എന്നാൽ നീ ഒരിക്കലും യജമാനന്റെ കടം തീർക്കാൻ കഴിയാതെ വരികയും തന്മൂലം ദണ്ഡനത്തിൽ തുടരുകയും ചെയ്യും. അത് സ്വർക്ഷീയ അനുഭവമല്ല. കരുണയില്ലാത്തവന്

[36] . യാക്കോബിന്റെ ലേഖനത്തിലെ അടുത്ത വാക്യത്തിൽ ഇങ്ങനെ വായിക്കുന്നു. സഹോദരന്മാരെ, ഒരുത്തൻ തനിക്ക് വിശ്വാസം ു് എന്ന് പറയുകയും പ്രവർത്തിയിൽ ഇല്ലാതിരിക്കുകയും ചെയ്താൻ ഉപകാരം എന്ത്? ആ വിശ്വാസത്താൽ അവൻ രക്ഷ പ്രാപിക്കുമോ?

ദൈവത്തിന്റെ കരുണ ലഭിക്കുകയില്ല, അവർ അനുഗ്രഹിക്കപ്പെട്ടവരുടെ കൂട്ടത്തിൽ എണ്ണപ്പെടുകയുമില്ല.

## ഹൃദയശുദ്ധിയുള്ളവർ
## (The Pure in Heart)

സ്വർഗ്ഗരാജ്യത്തിന്റെ അടിസ്ഥാന മർമ്മത്തിൽ ആറാമത്തേതാണ് ഹൃദയശുദ്ധി. ക്രിസ്തുവിനെ യഥാർത്ഥത്തിൽ പിൻ തുടരുന്നവർ മറ്റുള്ളവരെ പോലെ ബാഹ്യവിശുദ്ധി പ്രകടിപ്പിക്കുന്നവരല്ല. ദൈവ കൃപയാൽ ഹൃദയശുദ്ധി പ്രാപിച്ചവരാണ്. അവർ തങ്ങളുടെ ഹൃദയത്തിന്റെ ആഴത്തിൽനിന്നു ദൈവത്തെ സ്നേഹിക്കുന്നു. ഈ സ്നേഹം അവരുടെ പ്രവർത്തനത്തിന്റെ എല്ലാതലങ്ങളിലും പ്രതിഫലിക്കുന്നു. അവർ ദൈവത്തെ കാണും എന്ന വാഗ്ദത്തം അവർക്കു ലഭിച്ചിരിക്കുന്നു.

ഞാൻ ഒന്നു ചോദിക്കട്ടെ ഹൃദയശുദ്ധിയില്ലാത്ത ഒരു വിശ്വാസി ദൈവത്തെ കാണുകയില്ല. നിങ്ങൾക്ക് എന്റെ അടുക്കൽ വരാം എന്നാൽ നിങ്ങൾക്ക് എന്നെ കാണുവാൻ സാദ്ധ്യമല്ല എന്ന് ദൈവം പറയുമോ? ഇല്ല, ദൈവരാജ്യത്തെ കാംക്ഷിച്ച് ജീവിക്കുന്ന ഓരോരുത്തർക്കും ഹൃദയശുദ്ധി ഉ്.

## സമാധാനം ഉാക്കുന്നവർ
## (The Peacemakers)

അടുത്തത് സമാധാനം ഉാക്കുന്നവരാണ്. അവർ ദൈവത്തിന്റെ മക്കൾ എന്നു വിളിക്കപ്പെടും. ക്രിസ്തുവിനെ പിൻപറ്റുന്ന ഓരോരുത്തരും അവനിൽ വിശ്വസിക്കുന്നവരാകകൊ് ദൈവമക്കളാണ് (ഗലാ 3:26).

ആത്മാവിൽ ജനിച്ചവർ മൂന്നുവിധത്തിലെങ്കിലും സമാധാനം ഉ ാക്കുന്നവരാണ്. ഒന്നാമത് – തുടക്കത്തിൽ ശത്രുവായിരുന്നവർ ഇപ്പോൾ ദൈവത്തോടു അനുരഞ്ജനം പ്രാപിച്ചവരാണ് (റോമ. 5:10).

രാമതായി – അവർ മറ്റുള്ളവരുമായി സമാധാനത്തിൽ ജീവിക്കുന്നവരാണ്. അവർക്കു മറ്റുള്ളവരുമായി അഭിപ്രായഭിന്നതയോ, ശണ്ഠയോ ഇല്ല. പിണക്കം, അസൂയ, പക, ഭിന്നത, ദ്വന്ദപക്ഷം മുതലായവ ഉള്ളവർക്ക് സ്വർഗ്ഗരാജ്യം അവകാശമാക്കാൻ കഴിയുകയില്ല (ഗലാ 5: 19–21). യഥാർത്ഥ വിശ്വാസി നാശത്തിന്റെ പാതവിട്ട് സമാധാനവും സൗഹൃദവും നിലനിർത്തുന്നു. സഹോദരനെ സ്നേഹിക്കാതിരിക്കുമ്പോൾ തന്നെ തനിക്ക് സമാധാനം ഉ് എന്നവർ പറയുകയില്ല (മത്താ 5: 23–24, 1 യോഹ 4:20).

മൂന്നാമതായി – ക്രിസ്തുവിനെ യഥാർത്ഥമായി പിൻപറ്റുന്നവർ സുവിശേഷം പങ്കുവെക്കുകയും, മറ്റുള്ളവരെ സാമാധാനത്തിന്റെ മാർഗ്ഗത്തിലേക്ക് നടത്തുകയും ചെയ്യും. സമാധാനം ഉാക്കുന്നവർ, നീതിയുടെ വിത്ത് സമാധാനത്തിൽ വിതയ്ക്കുന്നു (യാക്കോ 3:8).

## പീഡിപ്പിക്കപ്പെടുന്നവർ

**(The Persecuted)**

അവസാനമായി – നീതിക്കുവേി ഉപദ്രവിക്കപ്പെടുന്നവർ അനുഗ്രഹിക്കപ്പെട്ടവർ എന്ന് യേശു പറയുന്നു. നീതിയോടു ജീവിക്കുന്ന വരെക്കുറിച്ചാണ് യേശു ഇവിടെ പരാമർശിച്ചിരിക്കുന്നത്. ക്രിസ്തുവിന്റെ നീതി ഏവർക്കും ലഭിച്ചിരിക്കുന്നു. അവിശ്വാസികളിൽ നിന്ന് കുടുതൽ പ ീഡനം ഏല്ക്കേിവരുന്നത് ക്രിസ്തുവിന്റെ ആജ്ഞകളെ അനുസരിക്കുന്നവർക്കാണ്. അവർ സ്വർഗ്ഗരാജ്യത്തെ അവകാശമാക്കും.

ഏതുതരം പീഡനത്തെക്കുറിച്ചാണ് യേശു പരാമർശിക്കുന്നത്? യാതന, രക്തസാക്ഷിത്വം, ഇവയാണോ? അല്ല. യേശുവിനുവേി സംസാരിക്കുമ്പോൾ ഏല്ക്കേിവരുന്ന നിന്ദയെക്കുറിച്ചും പ രിഹാസത്തെക്കുറിച്ചുമാണ് പറയുന്നത്. ഒരു യഥാർത്ഥ ക്രിസ്തീയ ഭടനെ അവിശ്വാസി തിരിച്ചറിയുന്നു. അതുകൊാണ് അവനെതിരെ അവിശ്വാസി നിന്ദാശരങ്ങൾ തൊടുക്കുന്നത്. അവിശ്വാസികളാൽ പരിഹസിക്കപ്പെടാത്ത, യേശുവിന്റെ ഭടന്മാർ ആരെങ്കിലും ഉോ? ഉങ്കിൽ ഓർത്തുകൊള്ളുക അവൻ ഒരു വിശ്വാസിയല്ല. യേശു പറഞ്ഞു. സകല മനുഷ്യരും നിങ്ങളെ പ ുകഴ്ത്തിപ്പറയുമ്പോൾ നിങ്ങൾക്ക് അയ്യോ കഷ്ടം; അവരുടെ പിതാക്കന്മാർ കള്ള പ്രവാചകന്മാരെ അങ്ങനെ ചെയ്തുവല്ലോ (ലൂക്കോ 6:26). എല്ലാവരും നിങ്ങളെ പുകഴ്ത്തിപ്പറയുമ്പോൾ കരുതിക്കൊള്ളുക നിങ്ങൾ ഒരു ശരിയായ വിശ്വാസിയല്ല. യഥാർത്ഥ ക്രിസ്ത്യാനിയെ ലോകം പകയ്ക്കുന്നു, വെറുക്കുന്നു. (യോഹ 15:18-21, ഗലാ 4:29, 2 തിമോ 3:12, 1 യോഹ 3:13-14).

## വെളിച്ചവും ഉപ്പും
**(Salt and Light)**

സ്വർഗ്ഗരാജ്യത്തെ അവകാശമാക്കാൻ അർഹതയുള്ളവരാണ് നിങ്ങൾ എന്ന് യേശു തന്റെ ശിഷ്യന്മാർക്ക് ഉറപ്പുനൽകി. എന്നാൽ ജാഗ്രതയുള്ളവരായിരിപ്പിൻ എന്ന് യേശു പറഞ്ഞു. രക്ഷ പ്രാപിച്ചാൽ അതൊരിക്കലും നഷ്ടപ്പെടുകയില്ലായെന്നാണ് ഇന്നത്തെ സുവിശേഷകന്മാർ തന്റെ ആടുകളെ പഠിപ്പിക്കുന്നത്. എന്നാൽ യേശു തന്റെ ശിഷ്യന്മാരെ പ ഠിപ്പിക്കുന്നത് നിങ്ങൾ എപ്പോഴും അനുഗ്രഹിക്കപ്പെട്ടവരുടെ കൂട്ടത്തിൽനിന്ന് പിൻതള്ളപ്പെട്ടുപോകാൻ ഇടവരുത്തരുത് – ജാഗ്രതയുള്ളവരായിരിപ്പിൻ എന്നാണ്.

> നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു; ഉപ്പ് കാരമില്ലാതെ പോയാൽ അതിന് എന്തൊന്നുകൊ് രസം വരുത്താം? പുറത്തു കളഞ്ഞിട്ട് മനുഷ്യൻ ചവിട്ടുവാൻ അല്ലാതെ മറ്റൊന്നിനും പിന്നെ കൊള്ളുന്നതല്ല. നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു, മലമേൽ ഇരിക്കുന്ന പട്ടണം മറഞ്ഞിരിപ്പാൻ പാടില്ല, വിളക്കുകത്തിച്ച് പറയിൽ കീഴല്ല തിന്മേൽ അത്രെ വെക്കുന്നത്, അപ്പോൾ അത് വീട്ടിലുള്ള എല്ലാവർക്കും പ്രകാശിക്കുന്നു. അങ്ങനെ തന്നെ മനുഷ്യൻ നിങ്ങളുടെ നല്ല

പ്രവർത്തികളെ കു, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുന്നിൽ പ്രകാശിക്കട്ടെ (മത്താ 5:13-16).

യേശു ഒരിക്കലും തന്റെ ശിഷ്യന്മാരോടു നിങ്ങൾ വെളിച്ചമായിത്തീരുക, ഉപ്പായിത്തീരുക, എന്നു പറഞ്ഞിട്ടില്ല. യേശു പറഞ്ഞത് (ദൃഷ്ടാന്തമായി) അവർ ഭൂമിയുടെ ഉപ്പ് ആകുന്നു, നിങ്ങൾ ഉപ്പിന്റെ ഗുണത്തെ നിലനിർത്തുവിൻ എന്നു പറഞ്ഞു. അതുപോലെ (ദൃഷ്ടാന്തമായി) യേശു പറഞ്ഞു. നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു, ഈ വെളിച്ചത്തെ നിങ്ങൾ ഒളിച്ചുവയ്ക്കരുത്, വെളിച്ചത്തിന്റെ സ്വഭാവം കാണിക്കുവിൻ. അംഗീകൃത ക്രിസ്ത്യാനികൾക്ക് ഈ വൈരുദ്ധ്യത്തോട് എങ്ങനെ പൊരുത്തപ്പെടാൻ കഴിയും. ഉപ്പും, വെളിച്ചവും ആയിത്തീരുക എന്ന അവസ്ഥയെ എങ്ങനെ ഉൾക്കൊള്ളും. ഒരുവൻ ഉപ്പും, വെളിച്ചവും അല്ലായെങ്കിൽ, അവൻ യേശുവിന്റെ ശിഷ്യനല്ല – അവൻ അനുഗ്രഹിക്കപ്പെട്ടവരുടെ ഗണത്തിൽ പരിഗണിക്കപ്പെടുകയില്ല. അവൻ സ്വർഗ്ഗരാജ്യം കരസ്ഥമാക്കുകയില്ല.

യേശുവിന്റെ കാലത്ത് ഉപ്പ്, മാംസം കേടുകൂടാതെ സൂക്ഷിക്കാനുള്ള ഒന്നായി ഉപയോഗിച്ചിരുന്നു. ജീർണ്ണിച്ച പാപത്തിന്റെ അവസ്ഥയിൽ നമ്മെ രക്ഷിപ്പാൻ ഈ ഉപ്പ് ആവശ്യമാണ്. സ്വഭാവത്തിൻ നാം ലോകത്തിന് അനുരൂപപ്പെട്ടാൽ, നാം ഒരു ഗുണവും ഇല്ലാത്തവരാകും (വാക്യം 13). ഉപ്പിന്റെ കാരമുള്ളവരായി നിലനില്കാൻ യേശു തന്റെ ശിഷ്യന്മാരെ ഉത്ബോധിപ്പിക്കുന്നു. അനുഗ്രഹിക്കപ്പെട്ടവരായി, ഉപ്പിന്റെ കാരസ്വഭാവം കളയാതെ, ലോകത്തിലുള്ളവരിൽനിന്ന് വ്യത്യസ്തരായിരിപ്പാനും, യേശു പഠിപ്പിക്കുന്നു. അല്ലായെങ്കിൽ വെളിയിൽ എറിയപ്പെട്ട് ചവിട്ടിമെതിക്കപ്പെടും.

പുതിയ നിയമത്തിലെ ഈ ഉപദേശം പിൻമാറ്റക്കാർക്കുള്ള മുന്നറിയിപ്പും യഥാർത്ഥവിശ്വാസികൾക്കുള്ള മാർഗ്ഗരേഖയുമാണ്. ഉപ്പ് യഥാർത്ഥത്തിൽ ഉപ്പായിരിക്കുന്നത് അതിന്റെ രുചികൊാണ്. അതുകൊ് യേശുവിനെ പിൻപറ്റുന്നവർ തീർച്ചയായും, യേശുവിനെപ്പോലെ പ്രവർത്തിക്കണം. അല്ലെങ്കിൽ അവർ യേശുവിന്റെ അനുയായികൾ അല്ല. ഒരു നാളിൽ അവർ ആയിരുന്നിരിക്കാം. എന്നാൽ ഇപ്പോൾ അല്ല.

യേശുവിന്റെ അനുയായികൾ ലോകത്തിന്റെ വെളിച്ചം ആകുന്നു. വെളിച്ചം പ്രകാശിക്കുന്നു. അത് പ്രകാശിക്കുന്നില്ലെങ്കിൽ വെളിച്ചം അല്ല. ആ ദൃഷ്ടാന്തത്തിൽ വെളിച്ചം നമ്മുടെ സത്പ്രവർത്തികളെ കുറിക്കുന്നു (മത്താ 5:16). സത്പ്രവർത്തികളെ മറ്റുള്ളവരുടെ മുമ്പിൽ വെളിപ്പെടുത്തുവാൻ യേശു ആഹ്വാനംചെയ്യുന്നു. ഇങ്ങനെ ചെയ്യുന്നതിലൂടെ ഒരുവൻ ദൈവത്തെ മഹത്വപ്പെടുത്തുന്നു. കാരണം സ്വർഗ്ഗീയ പിതാവിന്റെ പ്രവർത്തി അവരുടെ സത്പ്രവർത്തിയുടെ സ്രോതസ്സാണ്. ദൈവത്തിന്റെ മഹത്തായ വേലയും അവനോടുള്ള നമ്മുടെ പ്രവർത്തിയുടെ സംതുലനാവസ്ഥയും ഇതിലൂടെ വെളിപ്പെടുന്നു. ഒരുവൻ വിശുദ്ധനായിരിക്കാൻ ഇത് രും ആവശ്യമാണ്.

## ക്രിസ്തുവിനെ പിൻപറ്റുന്നവർക്കുള്ള ന്യായപ്രമാണവുമായുള്ള ബന്ധം

## (The Law's Relationship to Christ's Followers)

നമുക്ക് ഒരു പുതിയ പരിച്ഛേദം (ഖണ്ഡിക) തുടങ്ങാം. യേശുവിന്റെ പ്രഭാഷണത്തിൽ അവശേഷിക്കുന്ന പരമപ്രധാനമായ ആ ഭാഗത്തിന്റെ ഒരാമുഖം.

> ഞാൻ ന്യായപ്രമാണത്തേയൊ, പ്രവാചകന്മാരെയൊ നീക്കേതിന് വന്നു എന്നു നിരൂപിക്കരുത്. നീക്കുവാനല്ല നിവർത്തിപ്പാനത്രേ ഞാൻ വന്നത്. സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു. ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുംവരെ സകലവും നിവർത്തിയാക്കുവോളം ന്യായപ്രമാണത്തിൽ നിന്ന് ഒരു വള്ളിയെങ്കിലും പുള്ളിയെങ്കിലും ഒരു നാളും ഒഴിഞ്ഞുപോകയില്ല. ആകയാൽ ഈ ഏറ്റവും ചെറിയ കല്പനകളിൽ ഒന്ന് അഴിക്കയും മനുഷ്യരെ അങ്ങനെ പഠിപ്പിക്കുകയും ചെയ്യുന്നവനോ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ എന്നു വിളിക്കപ്പെടും അവയെ ആചരിക്കയും പഠിപ്പിക്കയും ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ വലിയവൻ എന്നു വിളിക്കപ്പെടും. നിങ്ങളുടെ നീതി ശാസ്ത്രിമാരുടേയും പരീശന്മാരുടേയും നീതിയെ കവിയുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എന്നുഞാൻ നിങ്ങളോടു പറയുന്നു (മത്താ 5: 17–20).

ന്യായപ്രമാണത്തേയും, പ്രവാചകന്മാരേയും ഉന്മൂലനം ചെയ്യണമെന്ന് യേശു പ്രസംഗിച്ചിരുന്നെങ്കിൽ, തന്റെ ശ്രോതാക്കളിൽ ചിലരെങ്കിലും ആ ധാരണ വച്ചുപുലർത്തുമായിരുന്നു. ആരെങ്കിലും അങ്ങനെ ഒരു നിലപാട് ഉൾക്കൊള്ളുന്നെങ്കിൽ അതിന്റെ കാരണം നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. കാരണം പരീശന്മാരേയും, ശാസ്ത്രിമാരേയും നിശിതമായി യേശു വിമർശിച്ചതിനാലാകാം യേശു ന്യായപ്രമാണത്തേയും, പ്രവാചകന്മാരേയും ഉന്മൂലനം ചെയ്യുവാൻ ആഗ്രഹിച്ചു എന്ന് ചിലർക്ക് തോന്നിയത്.

ന്യായപ്രമാണത്തേയും, പ്രവാചകന്മാരേയും കുറിച്ചുള്ള പ രാമർശത്തിന്റെ പൊരുൾ തന്റെ ശിഷ്യന്മാർ മനസ്സിലാക്കണമെന്ന് യേശു ആഗ്രഹിച്ചു. പഴയ നിയമത്തിന്റെ പ്രമാണങ്ങളെ പ്രോത്സാഹിപ്പിക്കുക യായിരുന്നു യേശു. മോശയിലൂടേയും പ്രവാചകന്മാരിലുടേയും സംഭവിച്ചത് മാറ്റാനല്ല മറിച്ച് അതിനെ പൂർത്തികരിക്കയാണ് യേശു ചെയ്തത്.

ന്യായപ്രമാണത്തേയും പ്രവാചകന്മാരേയും യേശു എങ്ങിനെയാണ് നിറവേറ്റിയത്? മശിഹായെക്കുറിച്ചുള്ള പ്രവചനമാണ് യേശു നിറവേറ്റിയതെന്ന് ചിലർ ചിന്തിക്കും. എന്നാൽ മശിഹായെക്കുറിച്ചുള്ള പ്രവചനം പൂർത്തികരിക്കുകമാത്രമല്ല യേശു ചെയ്തത്. മത്തായി 5:17,18 വചനങ്ങളിൽ പറയുന്നതുപോലെ ന്യായപ്രമാണത്തേയോ പ്രവാചകന്മാരേയോ നീക്കേതിനല്ല നിവർത്തിപ്പാനത്രേ വന്നത്, ആകാശവും

ഭൂമിയും ഒഴിഞ്ഞുപോകും, എന്നാൽ ന്യായപ്രമാണത്തിൽനിന്നു ഒരു വള്ളിയെങ്കിലും, പുള്ളിയെങ്കിലും ഒരു നാളും ഒഴിഞ്ഞു പോകയില്ല.

ജഡത്താലുള്ള ബലഹീനത നിമിത്തം ന്യായപ്രമാണത്തിനു കഴിയാഞ്ഞതിനെ സാധിപ്പാൻ ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപനിമിത്തവും അയച്ചു, പാപത്തിന് ജഡത്തിൽ ശിക്ഷ വിധിച്ചു. ന്യായപ്രമാണത്തിന്റെ നീതി നിവൃത്തിയാക്കേതിനു തന്നെ (റോമ 8:4). ആകാശവും ഭൂമിയും അഴിഞ്ഞുപോകും എന്നാൽ എന്റെ വചനമോ ഒരിക്കലും അഴിഞ്ഞുപോകയില്ലായെന്ന് യേശു അരുളിചെയ്തു എല്ലാം ''പൂർത്തിയായി'' യേശുവിന്റെ കാൽവറി മരണത്തിൽ യേശുവിന്റെ പ്രസ്താവന ശ്രദ്ധേയമാണ്. ആകയാൽ കല്പനകളെ പ്രാമാണിക്കുന്നതനുസരിച്ചാണ് സ്വർഗ്ഗരാജ്യത്തിൽ മാന്യത ലഭിക്കുന്നത്.

''ന്യായപ്രമാണത്തെ പാലിക്കുന്നവൻ സ്വർഗ്ഗരാജ്യത്തിൽ വലിയവൻ എന്നു വിളിക്കപ്പെടും, നിങ്ങളുടെ നീതി ശാസ്ത്രീമാരുടേയും, പ രീശന്മാരുടേയും നീതിയെ കവിയുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല'' (മത്താ 5:19-20).

ന്യായപ്രമാണത്തേയും, പ്രവാചകന്മാരേയും പ്രതിപാദിച്ചശേഷം യേശു കല്പനകളെ പ്രമാണിക്കുകയും, പ്രവാചകന്മാരുടെ വാക്കുകളെ അനുസരിക്കുകയും ചെയ്യുന്നതിനെക്കുറിച്ച് പ്രതിപാദിക്കുന്നു. ന്യായപ്രമാണത്തെക്കുറിച്ചുള്ള ദൈവത്തിന്റെ ഇഷ്ടവും ജനത്തിന് അത് അതേ അളവിൽ ഉൾക്കൊള്ളാൻ കഴിയാത്തതിന്റെ അവസ്ഥയേയും യേശു വിവരിച്ചിരിക്കുന്നു.[37] പതിനേഴാമത്തെ വചനത്തിൽ പറഞ്ഞിരിക്കുന്ന ''നിവർത്തികരിക്കുക'' എന്ന വാക്ക് പുതിയ നിയമത്തിൽ പൂർത്തികരിക്കുക , നിറക്കുക, പൂർണ്ണമായി നിർവ്വഹിക്കുക എന്നാണ് ഭാഷാന്തരം ചെയ്തിരിക്കുന്നത്. ഇത് തന്നെയാണ് 4 വചനത്തിന് ശേഷം യേശു ചെയ്യുവാൻ ആഗ്രഹിച്ചത്.

ന്യായപ്രമാണത്തേയും പ്രവാചകന്മാരേയും നീക്കുവാനല്ല യേശു വന്നത്, അതു നിവർത്തിക്കുവാനത്രേ! അതായത് തികച്ചും പൂർത്തി കരിക്കാനത്രേ. ഗിരിപ്രഭാഷണത്തെക്കുറിച്ച് പഠിപ്പിക്കുമ്പോൾ, പകുതി

[37] . ന്യായപ്രമാണത്തിന്റെ ആചാരപരവും ധാർമ്മികവുമായ വശങ്ങളെ നോക്കുമ്പോൾ ഈ പ്രതിപാദ്യം ശരിയായിരിക്കാം. ഇതിന്റെ പൂർണ്ണത ഉയർപ്പിനുശേഷം അപ്പോസ്തലന്മാരിൽ വെളിപ്പെട്ട പരിശുദ്ധാത്മാവിന്റെ ശക്തിയാൽ കൈവരിച്ചതാണ്. പുതിയ നിയ സഭയിൽ യാഗത്തിന്റെ ആവശ്യമില്ല കാരണം യേശു ദൈവകുഞ്ഞാടായിരുന്നു. പഴയനിയമഭക്ഷണ ഉടമ്പടി നാം പിൻതുടരേ. കാരണം ഭക്ഷണവും വിശുദ്ധമാണെന്ന് യേശു കല്പിച്ചിട്ട് (മർക്കോ 7:19). ഭൂമിയിലുള്ള ഒരു മഹാപുരോഹിതനോടു നമുക്ക് മദ്ധ്യസ്തത വേ കാരണം മദ്ധ്യസ്തനായി നമുക്ക് യേശു ശ്രേഷ്ഠമഹാപുരോഹിതനായിട്ട്. യേശുവിന്റെ മരണപുരനുദ്ധാനത്തിന് മുമ്പോ പിമ്പോ ന്യായപ്രമാണത്തെ മാറ്റുന്നതിനെക്കുറിച്ച് യേശു പരാമർശിച്ചിട്ടില്ല. മോശയുടെ ന്യായപ്രമാണത്തിന്റെ മുഴുവൻ പൊരുളുകളും യേശുവിന്റെ പുതിയ കല്പനയിൽ യേശുവിന്റെ പുതിയ നിയമപ്രമാണത്തിന്റെ വെളിപ്പാടാണ്.

വെള്ളം നിറച്ച ഒരു ഗ്ലാസ്സിനെ ദൃഷ്ടാന്തമായി ഞാൻ എടുക്കും. ന്യായപ്രമാണത്തേയും പ്രവാചകന്മാരേയും നീക്കുവാനല്ല യേശുവന്നത് (ഇതുപറയുമ്പോൾ പകുതി നിറച്ച ഗ്ലാസ് ഞാൻ എടുത്ത് എറിയാൻ തുടങ്ങുന്നതായി അഭിനയിക്കും). പിന്നയോ ന്യായപ്രമാണത്തേയും പ്രവാചകന്മാരേയും നിവർത്തിപ്പാനത്രേ (അപ്പോൾ ഞാൻ ഒരു കുപ്പി വെള്ളം എടുത്ത് ആ ഗ്ലാസ് വക്കോളം നിറക്കും) ഇങ്ങനെ കാണിക്കുമ്പോൾ യഥാർത്ഥത്തിൽ യേശു അർത്ഥമാക്കിയത് എന്തെന്ന് ജനത്തിന് മനസ്സിലാകും.

## ന്യായപ്രമാണത്തെ അനുസരിക്കേതിന്റെ പ്രാധാന്യം
## (The Importance of Keeping the Law)

ന്യായപ്രമാണത്തേയും പ്രവാചകന്മാരേയും ശിഷ്യന്മാർ അനുസരിക്കണമെന്ന് യേശു ആഗ്രഹിച്ചിരുന്നു. കല്പനകളെ അനുസരിക്കുന്നതിലൂടെ സ്വർഗ്ഗീയ പദവികൾ ലഭ്യമാണ്. ആകയാൽ ഈ ഏറ്റവും ചെറിയ കല്പനകളിൽ ഒന്ന് അഴിക്കുകയും മനുഷ്യരെ അങ്ങനെ പഠിപ്പിക്കുകയും ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ വലിയവൻ എന്നു വിളിക്കപ്പെടും (മത്താ 5:19).

20–ാം വചനത്തിലേക്കുവരുമ്പോൾ നിങ്ങളുടെ നീതി ശാസ്തിമാരുടേയും, പരീശന്മാരുടേയും നീതിയെ കവിയുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു (മത്താ 5:20).

ഇതൊരു പുതിയ ചിന്തയല്ല, ‘‘ഇല്ലെങ്കിൽ’’ എന്ന പദത്തിൽ ആരംഭിക്കുന്ന ഒരു പ്രസ്താവനയുടെ പൂർത്തികരണമാണ്. കല്പനകൾ പ്രമാണിക്കുന്നതിന്റെ പ്രധാന്യം എന്താണ്? സ്വർഗ്ഗരാജ്യം അവകാശമാക്കാൻ, പരീശന്മാർ ശാസ്ത്രിമാർ, ഇവരിൽനിന്നും വ്യത്യസ്തമായി കല്പന (പ്രമാണം) അനുസരിച്ചേ മതിയാകു. ഇതിനെ യേശു വീും നിർവചിക്കുന്നു. ‘‘ശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ സ്വർഗ്ഗരാജ്യം അവകാശമാക്കും.’’

തീർച്ചയായും നിങ്ങളുടെ നീതി പരിശന്മാരുടേയും ശാസ്ത്രിമാരുടേയും നീതിയെ കവിയുന്നില്ലെങ്കിൽ നിങ്ങൾ രക്ഷയെ കരസ്ഥമാക്കുകയില്ല.

## യേശു പ്രസ്താവിച്ച നീതി എപ്രകാരമുള്ളതാണ്
## (Of What Kind of Righteousness Was Jesus Speaking)

നിങ്ങളുടെ നീതി ശാസ്ത്രിമാരുടേയും പരീശന്മാരുടേയും നീതിയെ കവിയുന്നതായിരിക്കണമെന്ന് യേശു പറയുമ്പോൾ നമ്മളിൽ വരദാനമായി വന്നുചേരുന്ന ഉയരത്തിലുള്ള യഥാർത്ഥ നീതിയെക്കുറിച്ചാണോ യേശു പ രാമർശിച്ചിരിക്കുന്നത്? അല്ല, ഇതിന് നല്ല തെളിവുകൾ ഉ്. ഒന്ന് ഇതിന്റെ സന്ദർഭം ഇതിന്റെ വ്യാഖ്യാനത്തിന് യോജിക്കുന്നതല്ല. ഈ പ്രസ്താവനക്ക് മുമ്പും പിമ്പും (ഗിരി പ്രഭാഷണത്തിന്റെ മുഖ്യധാരയിൽ) കല്പനകൾ പ ാലിക്കുന്നതിനെക്കുറിച്ചാണ് യേശു സംസാരിച്ചത്. അതായത് നീതിയോടു ജീവിക്കുന്നതിനെക്കുറിച്ച്. സ്വാഭാവികമായ വ്യാഖ്യാനം ഇത്രമാത്രം - അതായത് നാം പരിശന്മാരേക്കാളും, ശാസ്ത്രിമാരേക്കാളും ഉപരി നീതിയോടു ജീവിക്കണം. ഉന്നതമായ നിലവാരത്തിലേക്കു തന്റെ ശിഷ്യന്മാരെ ഉയർത്താതെ, യേശു പരിശന്മാരേയും ശാസ്ത്രിമാരേയും ആ നിലവാരത്തിലേക്ക് ഉയർത്താൻ ആഗ്രഹിക്കുന്നത് എന്ത് വൈരുദ്ധ്യമാണ്. രക്ഷാപ്രാർത്ഥനകൾ മാത്രം അറിയാവുന്ന തന്റെ ശിക്ഷ്യന്മാരെ പ ാപത്തെകുറിച്ച് ബോധ്യപ്പെടുത്താതെ, പരീശന്മാരേയും, ശാസ്ത്രിമാരേയും അവരുടെ പാപത്തിന്റെ പേരിൽ യേശു ദണ്ഡിപ്പിക്കുന്നത് പരിഹാസ്യമാണ്.[38]

നാം വചനത്തിന്റെ അർത്ഥമല്ല ഗ്രഹിക്കേത്. അങ്ങനെ ചെയ്താൽ അതൊരു നിയമ സിദ്ധാന്തം ആയിരിക്കുക മാത്രമേയുള്ളു. പ്രായോഗിക നീതിയും യുക്തമായ നീതിയും തമ്മിലുള്ള ബന്ധത്തിന്റെ അനുബന്ധം നാം അവഗണിക്കുന്നതാണ് പ്രശ്നം. അപ്പോസ്തലനായ യോഹന്നാൻ എഴുതി: കുഞ്ഞുങ്ങളെ, ആരും നിങ്ങളെ തെറ്റിക്കരുത്, അവൻ നീതിമാനായിരിക്കുന്നതു പോലെ, നീതി ചെയ്യുന്നവൻ നീതിമാനാകുന്നു (1 യോഹ: 3:7). വീും ജനനവും പ്രായോഗികനീതിയും തമ്മിലുള്ള ബന്ധം യോഹന്നാനെപ്പോലെ നാം മനസ്സിലാക്കിയിട്ടില്ല.

അവൻ നീതിമാൻ എന്നു നിങ്ങൾ ഗ്രഹിച്ചിരിക്കുന്നു എങ്കിൽ നീതി ചെയ്യുന്നവൻ ഒക്കെയും അവനിൽ നിന്ന് ജനിച്ചിരിക്കുന്നു (1യോഹ 2:29).

നിങ്ങൾ മാനസാന്തരപ്പെടുകയും, വീും ജനിക്കുകയും, എന്റെ നീതിയുടെ ദാനം വിശ്വാസത്തിലൂടെ പ്രാപിക്കയും, തന്മൂലം നിങ്ങളുടെ നീതി ശാസ്ത്രിമാരുടേയും പരീശന്മാരുടേയും നീതിയെ കവിയുകയും ചെയ്യുമ്പോൾ എന്നിൽ വസിക്കുന്ന ആത്മാവിന്റെ ശക്തി നിങ്ങളിൽ നിറയും എന്ന് മത്തായി 5:20 നോട് ചേർക്കേതാകുന്നു.

## പരീശന്മാരേക്കാളും, ശാസ്ത്രിമാരേക്കാളും വിശുദ്ധരായിരിക്കാൻ എങ്ങനെ കഴിയും

## (How to be Holier than Scribes and Pharisees)

[38] . നീതി, വിശ്വാസികൾക്ക് ഉയരത്തിൽനിന്ന് ലഭിക്കുന്ന വരദാനമാണെങ്കിൽ, യേശു എ ന്തുകൊ് അതിന്റെ ഒരു സൂചനപോലും തന്നില്ല? മുകളിൽനിന്ന് ലഭിക്കുന്ന ദൈവനീതിയെക്കുറിച്ച് ലേശം പോലും ബോധ്യമില്ലാതിരുന്ന വിദ്യാഹീനരായ ജനത്തോടുയേശു എന്തുകൊ് ഈ നീതിയേക്കുറിച്ച് സംസാരിച്ചില്ല.

മത്തായി 5:20ൽ പ്രതിപാദിച്ചിരിക്കുന്ന പ്രസ്താവനയിൽനിന്നും ഒരു ചോദ്യം ഉതിർന്നുവരുന്നു്. പരീശന്മാരും ശാസ്ത്രിമാരും എത്രമാത്രം നീതിയുള്ളവരായിരുന്നു. ഉത്തരം ഇതാണ് : അല്പം പോലും നീതിയുള്ളവർ ആയിരുന്നില്ല.

യേശു അവരോട്: കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരെ, നിങ്ങൾക്ക് ഹാ കഷ്ടം: വെള്ളതേച്ച ശവക്കല്ലറകളോടുനിങ്ങൾ ഒത്തിരിക്കുന്നു. അവ പുറമെ അഴകായി ശോഭിക്കുന്നെങ്കിലും അകമെ ചത്തവരുടെ അസ്ഥികളും സകലവിധ അശുദ്ധിയും നിറഞ്ഞിരിക്കുന്നു (മത്താ 23:27). അവർ ബാഹ്യമായി നീതിയുള്ളവരാണ് എന്നാൽ അകമേ ദുഷ്ടന്മാരാണ്. ന്യായപ്രമാണത്തിന്റെ അക്ഷരങ്ങളെ പാലിക്കയും അതിന്റെ ആത്മാവിനെ അവഗണിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ പ്രമാണത്തെപ്പോലും അവർ കാര്യസാദ്ധ്യത്തിനായി വളച്ചൊടിക്കും.

യേശുവിന്റെ ഗിരിപ്രഭാഷണത്തിലൊക്കേയും പരീശന്മാരുടേയും, ശാസ്ത്രിമാരുടേയും ഈ കപടഭക്തി വിഷയമായിട്ടു്. ദൈവിക കല്പന ചൂിക്കാട്ടി യേശു അതിന്റെ അക്ഷരത്തിന്റേയും ആത്മാവിന്റേയും അന്തരം വെളിവാക്കുന്നു. ഈ വേളയിലൊക്കേയും പരീശന്മാരുടേയും ശാസ്ത്രിമാരുടേയും തെറ്റായ ഉപദേശവും, കപടഭക്തിയും തുറന്നു കാണിക്കുകയും തന്റെ ശിഷ്യന്മാരിൽനിന്ന് എന്ത് പ്രതീക്ഷിക്കുന്നു എന്ന് വെളിപ്പെടുത്തുകയും ചെയ്യുന്നു.

യേശു, ഓരോ ഉദാഹരണങ്ങൾ ചൂിക്കാണിക്കുമ്പോഴും നിങ്ങൾ കേട്ടിട്ടുല്ലോ എന്നുപറയാറു്. ന്യായ പ്രമാണം വായിച്ചിട്ടില്ലാത്ത, എന്നാൽ സിനഗോഗുകളിൽ, പരീശന്മാരാലും, ശാസ്ത്രിമാരാലും പഴയ നിയമ ചുരുളുകൾ വായിച്ചുകേട്ട അനുഭവം അവർക്കു്. യേശുവിന്റെ ശ്രോതാക്കൾ എല്ലാം എക്കാലത്തും പരീശന്മാരാൽ ദുരുപദേശം ലഭിച്ചവരും, ശാസ്ത്രിമാരുടെ അശുദ്ധജീവിതത്തെ അനുഭവിച്ചവരുമായിരുന്നു.

## ശാസ്ത്രിമാരിൽനിന്നും പരീശന്മാരിൽനിന്നും വ്യത്യസ്തമായി പരസ്പരം സ്നേഹിക്കുക

### (Love Each Other, Unlike the Scribes and Pharisees)

ആറാമത്തെ കല്പനയെ ഒന്നാമത്തെ പ്രതിപാദ്യമായി എടുത്ത് ശിഷ്യന്മാരെക്കുറിച്ച് ദൈവത്തിനുള്ള പ്രതീക്ഷ എന്തെന്നും, പരീശന്മാരുടേയും, ശാസ്ത്രിമാരുടേയും കപടഭക്തി എത്ര അധികമെന്നും, യേശു തന്റെ ശിഷ്യന്മാരെ ഉപദേശിച്ചുതുടങ്ങി.

കൊല ചെയ്യരുത് എന്നും ആരെങ്കിലും കൊലചെയ്താൽ ന്യായവിധിക്കു യോഗ്യനാകും എന്നും പൂർവ്വന്മാരോടു അരുളി

ചെയ്തതു നിങ്ങൾ കേട്ടിട്ടുല്ലോ? ഞാനോ നിങ്ങളോട് പറയുന്നത്: സഹോദരനോടു കോപിക്കുന്നവൻ എല്ലാം ന്യായവിധിക്കു യോഗ്യനാകും; സഹോദരനോട് നിസ്സാര എന്നു പറഞ്ഞാലോ ന്യായാധിപസഭയുടെ മുമ്പിൽ നില്ക്കേിവരും, മൂഢാ എന്നു പ റഞ്ഞാലോ അഗ്നിനരകത്തിനു യോഗ്യനാകും (മത്താ 5:21–22).

ആദ്യമായി, ഒരു വ്യക്തിയെ നരക യോഗ്യനാക്കുന്നത് എന്താണെന്ന് യേശു മുന്നറിയിപ്പുകൊടുക്കുന്നു. യേശുവിന്റെ ഉപദേശത്തിന്റെ പ്രഥമലക്ഷ്യം വിശുദ്ധിയുള്ളവർ മാത്രമേ സ്വർഗ്ഗരാജ്യം അവകാശമാക്കുകയുള്ളു .

കൊല ചെയ്യുന്നവൻ ശിക്ഷിക്കപ്പെടുമെന്ന് ആറാമത്തെ കല്പനയെ ഊന്നി, ശാസ്ത്രിമാരും പരീശന്മാരും ഉപദേശിക്കുന്നു.

ശാസ്ത്രിമാരും പരീശന്മാരും മനസ്സിലാക്കിയിട്ടില്ലാത്ത ഒരു കാര്യം തന്റെ ശിഷ്യന്മാർ മനസ്സിലാക്കണമെന്ന് യേശു ആഗ്രഹിച്ചു. അതായത് ഇതിലും ചെറിയ ലംഘനങ്ങൾ ഉ് -- ദൈവത്തിന്റെ കോടതിയിൽ ശിക്ഷ വിധിക്കുന്ന ഇതിലും ചെറിയ ലംഘനങ്ങൾ. പരസ്പരം സ്നേഹിക്കുക (രാമത്തെ കല്പന) നാം സഹോദരനോടു കോപിക്കുമ്പോൾ നാം ദൈവത്തിന്റെ കോടതിയിൽ ശിക്ഷാവിധിക്ക് യോഗ്യരായി. സഹോദരനോടുള്ള നമ്മുടെ വാക്കുകൾ ദയയില്ലാത്തതായി തീരുമ്പോൾ, നമ്മുടെ ലംഘനങ്ങൾ വർദ്ധിക്കുമ്പോൾ ദൈവത്തിന്റെ കോടതിയിൽ നാം ശിക്ഷാവിധിക്കു യോഗ്യരായിത്തീരുകയാണ്. സഹോദരനെ പുച്ഛിച്ച് തരം താഴ്ത്തുമ്പോൾ, നാം ദൈവമുമ്പിൽ നരകയോഗ്യരായിത്തീരുകയാണ്.[39] ഇത് വളരെ സങ്കീർണ്ണമാണ്.

സഹോദരനെ പകെക്കുന്നവൻ എല്ലാം കൊലപാതകൻ ആകുന്നു. യാതൊരു കൊലപാതകന്റേയും ഉള്ളിൽ നിത്യജീവൻ വസിച്ചിരിപ്പില്ല എന്നു നിങ്ങൾ അറിയുന്നു (1 യോഹ 3:15).

ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുകയും തന്റെ സഹോദരനെ പകെക്കുകയും ചെയ്യുന്നവൻ കള്ളനാകുന്നു. താൻ ക ിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവന് കിട്ടില്ലാത്ത ദൈവത്തെ സ്നേഹിപ്പാൻ കഴിയുകയില്ല. (1 യോഹ 4:20).

യേശു കല്പിച്ചതുപോലെ, പരസ്പരം സ്നേഹിക്കുക എന്നത് പ രമപ്രധാനമാണ്, ഇടർച്ചയുാകുമ്പോൾ കുറ്റം ബോധ്യപ്പെടുത്തി അനുരഞ്ജന ം പ്രാപിക്കണം (മത്താ 18:15–17).

യേശു പറഞ്ഞു: ആകയാൽ നിന്റെ വഴിപാടു യാഗപീഠത്തിങ്കൽ കൊ ുവരുമ്പോൾ സഹോദരനു നിന്റെ നേരെ വല്ലതും ഉന്നെു അവിടെവച്ച്

---

39 . ക്രിസ്തുവിൽ നമുക്ക് നമ്മുടെ സഹോദരങ്ങളോടുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ ഇത് നിലകൊള്ളുന്നു. യേശു ചിലമതനേതാക്കന്മാരെ മൂഢന്മാർ എന്നു വിളിച്ചു (മത്താ 23:17) വചനം പൊതുവെ ഇങ്ങനെ പറയുന്നു (സദൃ 1:7, 13:20).

ഓർമ്മവന്നാൽ നിന്റെ വഴിപാട് അവിടെ യാഗപീഠത്തിന്റെ മുമ്പിൽ വെച്ചേച്ചു, ഒന്നാമത് ചെന്ന് സഹോദരനോടു നിരന്നുകൊൾക, പിന്നെ വന്നു നിന്റെ വഴിപാടുകഴിക്ക (മത്താ 5:23-24).

സഹോദരനോടു നല്ല ബന്ധം പുലർത്തുന്നവന് മാത്രമേ ദൈവവുമായി നല്ല ബന്ധത്തിൽ ആയിരിക്കുവാൻ കഴിയുകയുള്ളു. പരീശന്മാർ ഘനമേറിയതിനെ ത്യജിക്കുകയും, നിസ്സാരമായതിനെ പരിഗണിക്കുകയും ചെയ്യുന്നു. ‘‘കൊതുകിനെ അരിച്ചെടുക്കുകയും, ഒട്ടകത്തെ വിഴുങ്ങിക്കളയുകയും ചെയ്യുന്നു’’ (മത്താ 23: 23-24). വഴിപാടുകൾക്കും, പതാരത്തിനും പ്രാധാന്യം കല്പിക്കുകയും, ദൈവത്തിന്റെ രാമത്തെ കല്പനയായ ‘‘അന്യോന്യം സ്നേഹിക്കുവിൻ’’ എന്ന കല്പന അവഗണിക്കുകയും ചെയ്യുന്നു. ദൈവസ്നേഹത്തെ അവഗണിക്കുകയും, എല്ലാവരും കാൺകെ പതാരം കൊടുക്കുയും ചെയ്യുന്നത് കപടഭക്തിയാണെന്ന് യേശു പഠിപ്പിക്കുന്നു. യേശു മുന്നറിയിപ്പു നൽകുന്നു.

> നിന്റെ പ്രതിയോഗിയോടുകൂടെ വഴിയിൽ ഉള്ളപ്പോൾത്തന്നെ വേഗത്തിൽ അവനോടു ഇണങ്ങികൊൾക; അല്ലാഞ്ഞാൽ പ്രതിയോഗി നിന്നെ ന്യായാധിപനും, ന്യായാധിപൻ ചേകവനും ഏല്പിച്ചിട്ട് നീ തടവിൽ ആയ്പോകും. ഒടുവിലത്തെ കാശുപോലും കൊടുത്തുതീരുവോളം നീ അവിടെ നിന്നു പുറത്തു വരികയില്ല. എന്നു ഞാൻ സത്യമായിട്ടു നിന്നോടു പറയുന്നു (മത്താ 5:23-26).

ദൈവത്തിന്റെ ന്യായവിധിയിൽ അകപ്പെടാതിരിപ്പാൻ സഹോദരങ്ങളോ ടൊപ്പം സന്തോഷത്തോടും സമാധാനത്തോടും ജീവിക്കുക. നമ്മുടെ ജീവിതയാത്രയിൽ സഹോദരനോടൊ, സഹോദരിയോടൊ അനുരജ്ഞന പ്പെടുന്നില്ലായെങ്കിൽ ന്യായവിധിക്ക് ദൈവമുമ്പിൽ തീർച്ചയായും നാം ദുഃഖിക്കേിവരും. മത്താ 18: 23-35 ഭാഗത്തുകാണുന്ന ക്ഷമിക്കാൻ മനസ്സില്ലാത്ത ദാസന്റെ അവസ്ഥയെ യേശു ഓർമിപ്പിക്കുകയാണ്. കടം ക്ഷമിച്ചുകിട്ടിയ ദാസൻ തന്റെ കൂട്ടുദാസനോട് ക്ഷമിക്കാൻ മനസ്സു കാണിക്കാതിരുന്നപ്പോൾ, ഇളച്ചുകിട്ടിയ തന്റെ കടങ്ങൾ വീട്ടുവോളം തടങ്കലിൽ അടയ്ക്കപ്പെട്ടത് നാം മറക്കരുത് (മത്താ 18:34) ദൈവം ആഗ്രഹിക്കുന്ന നിലവാരത്തിൽ സഹോദരനെ സ്നേഹിക്കുവാൻ കഴിയാത്തവർക്കു ഒരു മുന്നറിയിപ്പാണിത്.

## ശാസ്ത്രിമാരിൽനിന്നും പരീശന്മാരിൽനിന്നും വ്യത്യസ്തമായി ലൈംഗികമായി വിശുദ്ധിയുള്ളവരായിരിക്കുക (Be Sexually Pure, Unlike the Scribes and Pharisees)

ഏഴാമത്തെ കല്പനയുടെ അന്തസത്തയെ ത്യജിച്ച്, അക്ഷരാർത്ഥത്തിൽ അതുപാലിക്കുന്ന ശാസ്ത്രിമാരേയും പരീശന്മാരേയും

യേശു വിലയിരുത്തുന്നു. തന്റെ ശിഷ്യന്മാർ ലൈംഗികമായി ഇവരേക്കാൾ വിശുദ്ധിയുള്ളവരായിരിക്കണമെന്ന് യേശു ആഗ്രഹിക്കുന്നു.

> വ്യഭിചാരം ചെയ്യരുത് എന്ന് അരുളിചെയ്യുന്നത് നിങ്ങൾ കേട്ടിട്ടുല്ലോ? ഞാനോ നിങ്ങളോടു പറയുന്നത്: സ്ത്രീയെ മോഹിക്കേതിന് അവളെ നോക്കുന്നവൻ എല്ലാം ഹൃദയം കൊ് അവളോടുവ്യഭിചാരം ചെയ്തുപോയി. എന്നാൽ വലങ്കണ്ണ് നിനക്ക് ഇടർച്ച വരുത്തുന്നു എങ്കിൽ അതിനെ ചൂന്നെടുത്ത് എറിഞ്ഞുകളക. നിന്റെ ശരീരം മുഴുവനും നരകത്തിൽ പോകുന്നതിനേക്കാൾ അവയവങ്ങളിൽ ഒന്നു നശിക്കുന്നതു നിനക്കു പ്രയോജനമത്രെ. വലങ്കൈ നിനക്കു ഇടർച്ച വരുത്തുന്നു എങ്കിൽ അതിനെ വെട്ടി എറിഞ്ഞുകളക നിന്റെ ശരീരം മുഴുവൻ നരകത്തിൽ പോകുന്നതിനേക്കാൾ അവയവങ്ങളിൽ ഒന്നു നശിക്കുന്നത് നിനക്കു പ്രയോജനമത്രേ (മത്താ 5:27-30).

യേശു വീും തന്റെ പ്രാഥമിക തത്വത്തിന് ഊന്നൽ നൽകുന്നു. വിശുദ്ധിയുള്ളവൻ മാത്രമെ സ്വർഗ്ഗരാജ്യം അവകാശമാക്കുകയുള്ളൂ. നരകത്തെക്കുറിച്ചു മുന്നറിയിപ്പു നൽകുകയും, അതിൽ വീണു പോകാതെ സ്വയം നമ്മെ സൂക്ഷിക്കണമെന്നും യേശു ആഹ്വാനം ചെയ്യുന്നു. പ രീശന്മാർക്ക് ഈ കല്പനയെക്കുറിച്ച് അറുവുള്ളതു കൊും ബാഹ്യമായി അതിനെ പാലിക്കുന്നതുകൊും ഭാര്യമാരോടു വിശ്വസ്തത പുലർത്തുന്നു. അപ്പോൾത്തന്നെ മറ്റു സ്ത്രീകളുമായി ഹിതകരമല്ലാത്ത ബന്ധം തുടരുന്നു. ചന്തസ്ഥലത്ത് അവരുടെ കണ്ണുകൾ സ്ത്രീകളെ അനാവരണം ചെയ്യുന്നു. ഹൃദയം കൊ് വ്യഭിചാരം ചെയ്യുന്ന അവർ ഏഴാം കല്പനയുടെ ആത്മീക തീഷ്ണതയെ ലംഘിക്കുകയാണ്. ഇതിൽ വ്യത്യസ്തരായ എത്രപേർ ഇന്ന് സഭയിലു്?

മനുഷ്യൻ ലൈംഗിക വിഷയത്തിൽ പൂർണ്ണവിശുദ്ധി ആചരിക്കണമെന്ന് ദൈവം ഇച്ഛിക്കുന്നു. പരസ്ത്രീകളുമായി പരസംഗം ചെയ്യുന്നത് തെറ്റാണ്. കൂട്ടുകാരനുള്ള ഒന്നിനോടും മോഹം അരുത്, പ ത്താമത്തെ കല്പന ഇത് വളരെ വ്യക്തമായി നിഷ്കർഷിക്കുന്നു.
കൂട്ടുകാരന്റെ ഭാര്യയേയും അവന്റെ യാതൊന്നിനേയും മോഹിക്കരുത് (പുറ. 20:17).

യേശുവിന്റെ അനുയായികൾ കുറ്റം ചെയ്തിട്ടുാകുമൊ? മിക്കവാറും ചെയ്തിരിക്കാം. അവർ എന്തുചെയ്തിരിക്കാം. യേശു കല്പിച്ചതുപോലെ തീർച്ചയായും അവർ അനുതപിച്ചിട്ടുായിരിക്കും. എന്തുവിലകൊടുത്താലും മോഹത്തെ അതിജീവിക്കണം. കാരണം മോഹത്തെ ധരിക്കുന്നവൻ നരകത്തെ വിലക്കുവാങ്ങുന്നു.

മോഹാസക്തിക്കാധാരമായത് കണ്ണാണെങ്കിൽ അതിനെ ചൂഴ്ന്നു കളയട്ടെ, കയ്യാണെങ്കിൽ അതിനെ വെട്ടിക്കളയട്ടെ എന്ന് യേശു പ റഞ്ഞതിന്റെ അർത്ഥം ആത്മീകതലത്തിൽ ചിന്തിക്കാത്ത ഒരാൾക്ക്

മനസ്സിലാകുകയില്ല. ഒറ്റക്കണ്ണനായി വീും പാപം ചെയ്തു ജീവിക്കുന്നതിൽ അർത്ഥമില്ല. ഏഴാം കല്പനയുടെ ആത്മീക പ്രാധാന്യത്തെക്കുറിച്ച് യേശു ഉത്ബോധിപ്പിക്കുക യായിരുന്നു. നിത്യത ഇതിൽ അധിഷ്ടിതമാണ്.

യേശുവിന്റെ മാതൃകയെ പിൻപറ്റി ശിഷ്യന്മാരെ നേടുന്ന ഒരോ ശുശ്രൂഷകനും ഒരുവനെ പാപത്തിലേക്ക് വീഴ്ത്തുന്ന പാതയിലെ തടസ്സത്തെ വെട്ടിനീക്കണമെന്ന് മുന്നറിയിപ്പ് നൽകണം. തടസ്സം കേബിൾ ടി.വി. ആണെങ്കിൽ കേബിൽ വെട്ടിമാറ്റണം, അനുദിന ടി.വി. പ്രോഗ്രാമാണെങ്കിൽ, ടി.വി.യെ ഒഴിവാക്കണം, മാസികയാണെങ്കിൽ അത് നിർത്തണം. ഇന്റർനെറ്റാണെങ്കിൽ അത് ഒഴിവാക്കണം, തുറന്നിട്ട വായായനങ്ങൾ ആണെങ്കിൽ അതിന്റെ ഷട്ടറുകൾ അടക്കണം, ഇതൊന്നും നരകത്തെ മറികടന്ന് സ്വർഗ്ഗത്തിലെത്താൻ നമ്മെ അനുവദിക്കില്ല. അതുകൊ് ശിഷ്യന്മാരെ നേടണമെന്ന് ആഗ്രഹിക്കുന്ന ഒരു ശുശ്രൂഷകൻ, തന്റെ ആടുകളെ വ്യത്കമായും സ്നേഹിക്കുന്ന ശുശ്രൂഷകൻ, അവരോടു സത്യം ഗ്രഹിപ്പിച്ച് യേശുചെയ്തതുപോലെ അവരെ ഉത്സാഹമുള്ളവരാക്കണം.

## വ്യഭിചാരം ചെയ്യാനുള്ള മറ്റൊരുവഴി
## (Another Way to Commit Adultery)

നാം പഠിച്ചുകൊിരിക്കുന്ന വിഷയവുമായി വളരെ ബന്ധമുള്ളതാണ് തുടർന്നുവരുന്ന ഭാഗം. പുതിയ വിഷയമാണെന്നതിലുപരി ഇതിന്റെ ആഴത്തെ ഒന്നു പരിശോധിക്കാം. വ്യഭിചാരത്തിനുസമാനമായി പരീശന്മാർ ചെയ്യുന്ന ഒരു പ്രവർത്തി, അതാണ് വിഷയം .

> ആരെങ്കിലും ഭാര്യയെ ഉപേക്ഷിച്ചാൽ അവൾക്ക് ഉപേക്ഷണപത്രം കൊടുക്കട്ടെ . എന്നു അരുളിചെയ്തിട്ടുല്ലൊ. ഞാനോ നിങ്ങളോടു പറയുന്നത്: വ്യഭിചാരം ചെയ്തതുകൊല്ലാതെ തന്റെ ഭാര്യയെ ഉപേക്ഷിക്കുന്നവനെല്ലാം അവളെക്കൊുവ്യഭിചാരം ചെയ്യിക്കുന്നു, ഉപേക്ഷിച്ചവളെ വിവാഹം ചെയ്യുന്നവനും വ്യഭിചാരം ചെയ്യുന്നു (മത്താ 5:31–32).

ശാസ്ത്രിമാരും പരീശന്മാരും, തങ്ങളുടെ പാപപങ്കിലമായ ജീവിതശൈലിയെ നീതികരിക്കാൻ വചനത്തെ വളച്ചൊടിക്കുന്നു എന്നതിന്റെ തെളിവ് ഇവിടെ കാണാം.

യേശുവിന്റെ കാലത്തുായിരുന്ന ഒരു പരീശനെ നമുക്കൊന്നു സങ്കൽപിക്കാം. ആ പരീശൻ താമസിക്കുന്ന തെരുവിൽ അവൻ ഇഷ്ടപ്പെടുന്ന ഒരു സുന്ദരിയായ സ്ത്രീ ഉന്നെുകരുതുക. ദിവസവും പ്രേമപാരവശ്യത്തോടെ അവളോടു സംസാരിക്കുന്നു, അങ്ങനെ അവളോടുള്ള അവന്റെ താത്പര്യം ദിനവും വളരുന്നു. അവളെ വിവസ്ത്രയായി കാണാൻ അവൻ ആഗ്രഹിക്കുകയും, അവളുമായി ലൈംഗികപ്രവർത്തിചെയ്യുന്നതായി

സങ്കല്പിക്കുന്നു. അവളെ ഒന്നു കിട്ടിയിരുന്നെങ്കിൽ! എപ്പോഴും അവൻ അങ്ങനെ ചിന്തിക്കുന്നു.

എന്നാൽ തനിക്കൊരു വലിയ പ്രശ്നമു്് അവൻ വിവാഹിതനാണ്. വ്യഭിചാരത്തെ കർശനമായി വിലക്കുന്ന ഒരു മതമാണ് അവന്റേത്. ഏഴാം കല്പന ലംഘിക്കുവാൻ തനിക്കു കഴിയുകയില്ല. (അവളെ ഉള്ളിൽ ആഗ്രഹിച്ചപ്പോൾത്തന്നെ അവൻ വ്യഭിചാരം ചെയ്തു കല്പന ലംഘിച്ചു എന്നത് വാസ്തവം) അവന് എന്ത് ചെയ്യാൻ കഴിയും?

പ്രതിവിധിയു്! അവന്റെ ഭാര്യയെ നിയമപരമായി ഉപേക്ഷിച്ചാൽ, അവന്റെ ഹൃദയേശ്വരിയെ വിവാഹം ചെയ്ത് സ്വന്തമാക്കാൻ കഴിയും. എന്നാൽ വിവാഹമോചനം നിയമപരമായി സാദ്ധ്യമാണോ? അവന്റെ കൂട്ടുപരീശൻ അവനെ പ്രോത്സാഹിപ്പിക്കുന്നു. കഴിയും, വചനമു്, നിന്റെ ഭാര്യക്ക് ഉപേക്ഷണപത്രം നൽകാമെന്ന് ആവർത്തന പുസ്തകം 24:1 ൽ പ റഞ്ഞിട്ടു്. സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ ഉപേക്ഷണപത്രം നൽകാവുന്നതാണ്. പക്ഷേ ആ സാഹചര്യമെന്താണ്? ദൈവം പ റഞ്ഞിട്ടുള്ളത് താൻ പചനത്തിൽ കത്തെുന്നു.

> ഒരു പുരുഷൻ ഒരു സ്ത്രീയെ തെരഞ്ഞെടുത്തു വിവാഹം ചെയ്തശേഷം അവളിൽ ദൂഷ്യമായത് വല്ലതും കിട്ട് അവന് അവളോട് അനിഷ്ടം തോന്നിയാൽ ഒരു ഉപേക്ഷണപത്രം എഴുതി കൈയിൽ കൊടുത്ത് അവളെ വീട്ടിൽനിന്ന് അയയ്ക്കണം (ആവർത്തനം 24:1).

ആഹാ! ഭാര്യയിൽ ദൂഷ്യമായത് വല്ലതും കാൽ അവളെ ഉപേ ക്ഷിക്കാം! അവന് മതിയായ കാരണം ു്. തെരുവിൽ താൻ ദിനവും കാണുന്ന സ്ത്രീയെപ്പോലെ ഭാര്യക്ക് സൗന്ദര്യമില്ല! (ഇത് ഒരു സാധാരണ സംഭവം മാത്രം). യേശുവിന്റെ കാലത്തെ ഏറ്റവും വലിയ റബ്ബി ആയിരുന്നു റബ്ബി ഹിലേൽ. ഒരു പുരുഷന് തന്റെ ഭാര്യയെക്കാൾ ഒരുവൾ സുന്ദരിയായി കാണപ്പെട്ടാൽ നിയമപരമായി അവളെ ഉപേക്ഷിക്കാമെന്ന് അദ്ദേഹം പ ഠിപ്പിച്ചു. അതുപോലെ ഭക്ഷണത്തിന് ഉപ്പുകൂടുകയോ, അന്യപുരുഷനോടു ഭാര്യസംസാരിക്കുകയോ, ഭാര്യ ആൺകുഞ്ഞിനെ പ്രസവിക്കാതിരിക്കുകയോ ചെയ്താൽ അവളെ ഉപേക്ഷിക്കാനുള്ള മതിയായ കാരണങ്ങളായി റബ്ബി ഹിലേൽ പഠിപ്പിച്ചിരുന്നു.

ഈ വചനപ്രകാരം പരീശൻ നിയമപരമായി തന്റെ ഭാര്യയെ ഉപേ ക്ഷിച്ച് താൻ ആഗ്രഹിച്ച തന്റെ സങ്കൽപത്തിലെ സ്ത്രീയെ വിവാഹം ചെയ്യുന്നു, ഇവിടെ പരീശൻ തെറ്റ് ചെയ്യുന്നില്ലായെന്ന് മാത്രമല്ല, അക്ഷരം പ്രതി കല്പന അനുസരിക്കുകകൂടി ചെയ്യുന്നു.

## വ്യത്യസ്തമായ ഒരു കാഴ്ചപ്പാട്
## (A Different View)

ദൈവം കാര്യങ്ങളെ തികച്ചും വ്യത്യസ്തമായി കാണുന്നു. ആവർത്തന പുസ്തകം 24ന്റെ 1–4 വരെ വാക്യങ്ങളിൽ അനിഷ്ടമായത് ഏതെന്ന് പ്രതിപാദിച്ചിട്ടില്ല. ചുരുക്കത്തിൽ ഭാര്യയെ ഉപേക്ഷിക്കുന്നത് നിയമപരമോ, അല്ലയോ എന്നൊന്നും അവിടെ പറയുന്നില്ല. ഉപേക്ഷിക്കപ്പെട്ട വിധവയായവളെ ആദ്യ ഭർത്താവ് വീും വിവാഹം കഴിക്കുന്നത് വിലക്കിയിരിക്കുകമാത്രമാണ് അവിടെ ചെയ്യുന്നത്. ദൈവത്തിന്റെ ദൃഷ്ടിയിൽ ദൂഷ്യമായത് എന്തെന്നുള്ളതാണ് മുഖ്യവിഷയം.

ദൈവദൃഷ്ടിയിൽ മേൽക പരീശൻ തികച്ചും വ്യഭിചാരിയാണ്. അവൻ ഏഴാം കല്പനയെ നിഷേധിച്ചിരിക്കുന്നു. അവൻ ഒരു സാധാരണ വ്യഭിചാരിയേക്കാൾ കൂടുതൽ തെറ്റുകാരനാണ് കാരണം അവൻ ഇരട്ടിപങ്ക് വ്യഭിചാരം ചെയ്യുന്നു. അതെങ്ങനെയാണ്? ഒന്നാമതായി അവൻ തന്നെ വ്യഭിചാരം ചെയ്യുന്നു. പരസംഗം നിമിത്തമല്ലാത്ത ഭാര്യയെ ഉപേക്ഷിച്ച് മറ്റൊരുത്തിയെ വിവാഹം കഴിക്കുന്നവൻ വ്യഭിചാരം ചെയ്യുന്നു. മത്താ 19:9 ൽ യേശു പറഞ്ഞിട്ടു്.

രാമതായി, പരീശനാൽ ഉപേക്ഷിക്കപ്പെട്ട ഭാര്യ മറ്റൊരുത്തനെ സ്വീകരിക്കുന്നതിലുടെ അവൾ വ്യഭിചാരം ചെയ്യാൻ ഈ പരീശൻ ഇടവരുത്തുകയാണ്. അങ്ങനെ അവൻ അവളെ വ്യഭിചാരത്തിന് പ്രേരിപ്പിക്കുകയാണ്.[40] പരസംഗം നിമിത്തമല്ലാതെ ഭാര്യയെ ഉപേക്ഷിക്കുന്നവനെല്ലാം അവളെകൊു വ്യഭിചാരം ചെയ്യിക്കുന്നു. മത്താ 5:32 ൽ യേശു പറഞ്ഞു.

മത്തായി 5:32 വാക്യപ്രകാരം ഈ പരീശൻ മൂന്ന് വ്യഭിചാരകുറ്റത്തിന് ഉത്തരവാദിയാണ്. ഒന്ന്: സ്വയം, ര്: തന്റെ ഉപേക്ഷിക്കപ്പെട്ട ഭാര്യ, മൂന്ന്: ഉപേക്ഷിക്കപ്പെട്ട ഭാര്യയെ സ്വീകരിച്ചവൻ.[41]

മത്തായി 19:3ൽ ചില പരീശന്മാർ യേശുവിനോട് ചോദിക്കുന്നു. ഏതുകാരണം ചൊല്ലിയും ഭാര്യയെ ഉപേക്ഷിക്കുന്നത് വിഹിതമോ? ഇത് പരീശന്മാരുടെ ഹൃദയവാഞ്ചയെ വെളിവാക്കുന്നു. തീർച്ചയായും ഭാര്യയെ ഉപേക്ഷിക്കുന്നത് നിയമപ്രകാരം ശരിയാണെന്ന് അവരിൽ ഭൂരിപക്ഷവും വിശ്വസിച്ചിരുന്നു.

ഇന്നത്തെ ക്രിസ്തീയ വിശ്വാസികളും ഇത് പിൻതുടർന്ന് അവരുടെ ഇടയിൽ ചങ്ങലകൾ സൃഷ്ടിക്കുന്നത് എത്ര ഖേദകരമായിരിക്കും.

---

40 . ക്രിസ്തുവിൽ നമുക്ക് നമ്മുടെ സഹോദരങ്ങളോടുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ ഇത് നിലകൊള്ളുന്നു. യേശു ചിലമതനേതാക്കന്മാരെ മൂഢന്മാർ എന്നു വിളിച്ചു (മത്താ 23:17) വചനം പൊതുവെ ഇങ്ങനെ പറയുന്നു (സദൃ 1:7, 13:20).

41 . ഉപേക്ഷിക്കപ്പെട്ട ഭാര്യയെ സ്വീകരിച്ചവനെ ദൈവം വ്യഭിചാരിയായി കണക്കാക്കുയില്ല. കാരണം അവൻ ഉപേക്ഷിക്കപ്പെട്ട സ്ത്രീയെ ഉപജീവനത്തിന് ഉപാധി ഉാക്കുക എന്ന പുണ്യകർമ്മമാണ് ചെയ്യുന്നത്. എന്നാൽ ഭർത്താവിനെ ഉപേക്ഷിക്കുവാൻ ഭാര്യയെ പ്രേരിപ്പിക്കുന്ന ഒരുവൻ അവളെ സ്വീകരിക്കുമ്പോൾ വ്യഭിചാരം ചെയ്യുകയാണ് ചെയ്യുന്നത്.

രക്ഷിക്കപ്പെടാത്ത കാലഘട്ടത്തിൽ ഭാര്യയെ ഉപേക്ഷിക്കുകയോ, ഇഷ്ടപ്പെട്ട ഒരുവളെ വിവാഹം ചെയ്യുന്നതോ വ്യഭിചാരത്തിന് തുല്യമല്ല. കാരണം പാപം ക്ഷമിക്കുവാനാണ് യേശു വന്നത്. അനുതപിച്ച് അവനിൽ വിശ്വസിച്ചാൽ പ ാപം ക്ഷമിക്കപ്പെടും. വ്യഭിചാരികൾ നരകത്തിൽ പോകുമെന്ന് വചനം പ ഠിപ്പിക്കുന്നു. യേശുവിനെ സ്വീകരിക്കുന്നതിനുമുമ്പ് നിങ്ങൾ വിവാഹമോചനം നേടി പുനർവിവാഹം കഴിച്ചവനെങ്കിൽ നിലവിലുള്ള ഭാര്യയെ ഉപേക്ഷിക്കുന്നതുവഴി ഒരു പാപം കൂടി ചെയ്യേ. വ്യഭിചാരികൾ സ്വർഗ്ഗരാജ്യം അവകാശമാക്കുകയില്ല.[42] ഇതാണോ സുവിശേഷം?[43]

## ശാസ്ത്രിമാരേയും പരീശന്മാരേയും പോലെയാകാതെ സത്യസന്ധരായിരിക്കുക

### (Be Honest, Unlike the Scribes and Pharisees)

പരീശന്മാരുടേയും ശാസ്ത്രിമാരുടേയും നീതികെട്ട രീതിയും വചനത്തെ കോട്ടുന്ന സ്വാഭാവവും ദൈവത്തിന്റെ കല്പനയായ സത്യത്തിന് എതിരാണ്. യേശു ഇതിനെ മൂന്നാമത്തെ ഉദാഹരണമായി ചൂിക്കാട്ടുന്നു. അവർ വളരെ വിദഗ്ധമായി കളവുചെയ്യുന്നു. മന്ദിരത്തെയോ, യാഗപീഠത്തേയോ, സ്വർഗ്ഗത്തേയോ ചൊല്ലി സത്യം ചെയ്താൽ ഏതുമില്ല എന്ന് അവർ കരുതുന്നതായി മത്തായി 23:16–22 വരെയുള്ള വാകൃത്തിൽനിന്ന് നാം മനസ്സിലാക്കുന്നു. എന്നാൽ മന്ദിരത്തിലെ സ്വർണ്ണത്തെച്ചൊല്ലിയോ യാഗപീഠത്തിലെ വഴിപാടിനെ ചൊല്ലിയോ, സ്വർഗ്ഗത്തിലിരിക്കുന്ന ദൈവത്തെ ചൊല്ലിയോ സത്യം ചെയ്താൽ അവൻ കടക്കാരൻ എന്ന് അവർ വിശ്വസിക്കുന്നു. ശിഷ്യന്മാർ സത്യം പറയണമെന്ന് യേശു ആഗ്രഹിക്കുന്നു.

> കള്ളസ്സത്യം ചെയ്യരുത് എന്നും സത്യം ചെയ്തതു കർത്താവിന്നു നിവർത്തിക്കേണം എന്നും പൂർവ്വന്മാരോടു അരുളിചെയ്തതു നിങ്ങൾ കേട്ടിട്ടുല്ലോ? ഞാനോ നിങ്ങളോടു പറയുന്നത്: അശേഷം സത്യം ചെയ്യരുത്; സ്വർഗ്ഗത്തെകൊ് അരുത്, അത് ദൈവത്തിന്റെ സിംഹാസനം; ഭൂമിയെ കൊ് അരുത് അത് അവന്റെ പാദപിഠം യെരുശലേമിനെകൊ് അതുത്, അതു മഹാരാജാവിന്റെ നഗരം. നിന്റെ തലയെ കൊും സത്യം ചെയ്യരുത്, ഒരു രോമവും വെളുപ്പിക്കുവാനോ കറുപ്പിക്കുവാനോ നിനക്ക് കഴിയുകയില്ലല്ലോ. നിങ്ങളുടെ വാക്കു ഉവ്വു, ഉവ്വു എന്നും ഇല്ല, ഇല്ല എന്നും ആയിരിക്കട്ടെ, ഇതിൽ അധികമായതു ദുഷ്ടനിൽനിന്നു വരുന്നു (മത്താ. 5:33–37).

ഒന്നിനെക്കൊും സത്യം ചെയ്യരുതെന്നാണ് ദൈവത്തിന്റെ പ്രമാണം. നാം എപ്പോഴും സത്യം സംസാരിക്കണമെന്ന് ദൈവം

---

42 . മറ്റു പലചുറ്റുപാടുകളും എടുത്തുപറയത്തക്കതായി ഉാകാം അവിശ്വാസിയായ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട വിശ്വാസിയായ ഭാര്യ വിശ്വാസിയായ ഒരുവനെ സ്വീകരിക്കുന്നതുവ്യഭിചാരമല്ല.

43 . വിവാഹമോചനവും പുനർവിവാഹവും എന്ന അദ്ധ്യായത്തിൽ ഇതിനെ വ്യക്തമായി വിവരിച്ചിട്ടു്.

ആഗ്രഹിക്കുന്നു, തന്മൂലം ഒന്നിനെചൊല്ലിയും സത്യം ചെയ്യേ ആവശ്യം വരുന്നില്ല.

സത്യം ചെയ്യുന്നത് തെറ്റല്ല കാരണം അതൊരു പ്രതിജ്ഞമാത്രമാണ്. ദൈവത്തെ അനുസരിക്കാൻ പ്രതിജ്ഞ എടുക്കുന്നത് നന്ന്. യേശുവിനെ അനുഗമിച്ചുകൊള്ളാമെന്ന് വാഗ്ദത്തം ചെയ്യുമ്പോഴാണ് രക്ഷ ആരംഭിക്കുന്നത്. എന്നാൽ ഒരാളെ ബോധ്യപ്പെടുത്താൻ സത്യം ചെയ്യുന്നതിലുടെ, അവർ സാധാരണ കള്ളം പറയാറു് എന്ന് സ്വയം അംഗീകരിക്കുകയാണ്. എപ്പോഴും സത്യം മാത്രം പറയുന്നവർക്ക് സത്യം ചെയ്യേ ആവശ്യമില്ല. ആലയങ്ങളിൽ കള്ളം പറയുന്ന അനേകർ ു് എന്നത് ഖേദകരമാണ്.

ശിഷ്യന്മാരെ നേടുവാൻ ആഗ്രഹിക്കുന്ന ശുശ്രുഷകൻ സത്യം മാത്രമേ പറയാവൂ, തന്റെ ശിഷ്യന്മാരെ സത്യം പറയാൻ അഭ്യസിപ്പിക്കുകയും വേണം കള്ളം പറയുന്ന ഏവർക്കും ഉള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ എന്ന് യോഹന്നാൻ അപ്പോസ്തലൻ മുന്നറിയിപ്പുനൽകുന്നു (വെളി 21:8).

## പരിശന്മാരേയും, ശാസ്ത്രിമാരേയും പോലെ പ്രതികാരം ചെയ്യരുത്
## (Don't Take Revenge, As Do the Scribes and Pharisees)

പഴയ നിയമത്തിലെ പരാമർശത്തെ പരീശന്മാർ വൈകൃതമാക്കുന്ന തിന്റെ ഒരുത്തമ ഉദാഹരണം യേശു ചൂീക്കാണിക്കുന്നു. വചനവ്യാഖ്യാനം എന്ന അദ്ധ്യായത്തിൽ നാം ചിന്തിച്ച ഒരു ഭാഗമാണിത്.

> കണ്ണിനുപകരം കണ്ണും പല്ലിനുപകരം പല്ലും എന്നു അരുളി ചെയ്തതു നിങ്ങൾ കേട്ടിട്ടുല്ലോ. ഞാനോ നിങ്ങളോടു പറയുന്നതു: ദുഷ്ടനോടു എതിർക്കരുത്; നിന്നെ വലത്തെ ചെകിട്ടത്തു അടിക്കുന്നവനുമറ്റേതും തിരിച്ചുകാണിക്ക. നിന്നോടു വ്യവഹരിച്ചു നിന്റെ വസ്ത്രം എടുപ്പാൻ ഇച്ഛിക്കുന്നവനും നിന്റെ പുതപ്പും വിട്ടുകൊടുക്ക്. ഒരുത്തൻ നിന്നെ ഒരു നാഴിക ദൂരം പോകുവാൻ നിർബന്ധിച്ചാൽ രു നാഴിക അവനോടു കൂടെ പോക. നിന്നോടു യാചിക്കുന്നവനു കൊടുക്ക; വായിപ്പ വാങ്ങുവാൻ ഇച്ഛിക്കുന്നനെ ഒഴിഞ്ഞികളയരുത് (മത്താ 5: 38-42).

മോശയുടെ ന്യായ പ്രമാണപ്രകാരം ഉപദ്രവം അനുഭവിച്ചവന്റെ പ ീഡനത്തിന് തുല്യമായ ശിക്ഷ പീഡിപ്പിച്ചവൻ അനുഭവിക്കണം. പല്ലിന് പ കരം പല്ല്. കുറ്റത്തിന് അർഹമായ ശിക്ഷ ലഭിച്ചുവെന്ന് ബോദ്ധ്യപ്പെടുത്താനാണ് നീതിപീഠം സമാന ശിക്ഷനൽകിയിരുന്നത്. നീതിഉറപ്പാക്കാനും പ്രതികാരം ചെയ്യാനും നിയമം കരുത്താർജ്ജിച്ചു നിന്നു. ന്യായാധിപന്മാർ പക്ഷഭേദമില്ലാതെ നീതിയുക്തമായി വിധി കല്പിക്കണമെന്നത് ദൈവകല്പന ആയിരുന്നു. കണ്ണിന് കണ്ണ് പല്ലിനുപല്ല് -

ഇതായിരുന്നു നീതിയുക്തമായ വിധി. എന്നാൽ നീതിയുടെ കാര്യത്തിൽ ഇത് പ്രവർത്തിയിലില്ലാതെ വെറും പ്രസ്താവനയിൽ മാത്രം ഒതുങ്ങി.

പരീശന്മാരും ശാസ്ത്രിമാരും ദൈവിക കല്പനയെ വളച്ചൊടിച്ചു. വ്യക്തിപരമായി പ്രതികാരം ചെയ്യാൻ വിശുദ്ധ കടപ്പാടായി കല്പനകളെ മാറ്റി എഴുതി. സഹിഷ്ണതയെ കാറ്റിൽ പറത്തി; നിസ്സാരകുറ്റത്തിനുപോലും പ്രതികാരം ചെയ്തു.

എന്നാൽ ദൈവം തന്റെ ജനത്തിൽനിന്ന് അതല്ല പ്രതീക്ഷിച്ചത്. പ്രതികാരം ചെയ്യാൻ വ്യവസ്തയില്ല. (ആവ:32:35). ദൈവജനം ശത്രുവിനോടു പോലും ദയകാണിക്കണമെന്ന് പഴയനിയമം അനുശാസിക്കുന്നു. (പുറ 23: 4–5; സദൃ 25:21–22). ഒരു കവിളിൽ അടിക്കുന്നുവന് മറുകവിളും കാണിച്ചുകൊടുക്കുക; ദുഷ്ടന്മാരോട് അകന്നിരിക്കുക. ഇതാണ് യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിക്കുന്നത്. തെറ്റു ചെയ്യുന്നവരോട് ദയ കാണിക്കുക, തിന്മക്കുപകരം നന്മ ചെയ്യുക – ദൈവം നമ്മിൽ നിന്നാഗ്രഹിക്കുന്നത് ഇതാണ്.

നമ്മുടെ ജീവിതം ദുഷ്ടന് പന്താടാൻ ഏല്പിച്ചു കൊടുക്കണമെന്ന് യേശു ആഹ്വാനം ചെയ്യുകയാണോ? അനീതി നമ്മുടെ മേൽ ആരോപിച്ച് ന മ്മെ നശിപ്പിക്കാൻ ശ്രമിക്കുന്ന അവിശ്വാസിക്കെതിരെ കോടതിയെ സമീപിക്കുന്നത് തെറ്റാണൊ? അല്ല. ക്ഷമിക്കുവാൻ പറ്റുന്ന നിസ്സാരകാര്യങ്ങളെ ക്ഷമിക്കണമെന്നാണ് യേശു പഠിപ്പിക്കുന്നത്. നമ്മെ കുത്തിമുറിവേല്പിക്കാൻ കച്ചകെട്ടിയിറങ്ങിയവന് കഴുത്തുനീട്ടി ക്കൊടുക്കണമെന്ന് യേശു പറയുന്നില്ല. നമ്മുടെ കാറ് ചോദിക്കുന്നവന് നമ്മുടെ കുതിരയെ കൊടുക്കണമെന്ന് യേശു പറയുന്നില്ല. സ്വാർത്ഥരായ മനുഷ്യരോടു പ്രതികരിക്കുമ്പോൾ നാം സഹിഷ്ണതയും ദയയും ഉള്ളവരായിരിക്കണമെന്ന് മാത്രമേ യേശു കല്പിക്കുന്നുള്ളു. സ്വാർത്ഥന്മാർ പ്രതീക്ഷിക്കുന്നതിലുപരി ദയ നാം അവരോടുകാണിക്കണം. പരീശന്മാർക്കും ശാസ്ത്രിമാർക്കും ഒരിക്കലും ആ തലംവരെ ഉയരാൻ കഴിയുകയില്ല.

വീടുക്കപ്പെട്ട വിശ്വാസഗണം നിസ്സാര കാര്യങ്ങളിൽ ആവലാതിപ്പെടുന്നതെന്താണ്? നിസ്സാര കാര്യങ്ങൾ പോലും ഇവരെ വേദനിപ്പിക്കുന്നു. ഇവർ യഥാർത്ഥത്തിൽ രക്ഷിക്കപ്പെട്ടവരാണോ? ശിഷ്യന്മാരെ നേടാൻ ആഗ്രഹിക്കുന്ന ഒരു ശുശ്രൂഷകൻ തന്റെ മറ്റേ കവിൾ കൂടി കാണിച്ചുകൊടുക്കുന്നു; അതിലൂടെ ശിഷ്യന്മാരെ അത് ശീലിപ്പിക്കുന്നു.

## ശാസ്ത്രിമാരേയും പരീശന്മാരേയുംപോലെ നിങ്ങൾ ശത്രുക്കളെ വെറുക്കരുത്

### (Don’t hate your enemies, as do the scribes and pharisees)

അവസാനമായി, പരീശന്മാരും ശാസ്ത്രീമാരും വികലമാക്കിയ ദൈവിക കല്പനയുടെ ആഴങ്ങളെ യേശു വെളിപ്പെടുത്തുന്നു.

കൂട്ടുകാരനെ സ്നേഹിക്ക എന്നും ശത്രുവിനെ വെറുക്കുക എന്നും അരുളിചെയ്തിരിക്കുന്നത് നിങ്ങൾ കേട്ടിട്ടുല്ലോ? ഞാനോ നിങ്ങളോടു പറയുന്നത്: നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ, നിങ്ങളെ ഉപ ദ്രവിക്കുന്നവർക്കുവേ പ്രാർത്ഥിപ്പിൻ; സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പ ിതാവിനുപുത്രന്മാരായി തീരേതിനുതന്നെ; അവൻ ദുഷ്ടന്മാരുടെ മേലും നല്ലവരുടെ മേലും തന്റെ സൂര്യനെ ഉദിപ്പിക്കുകയും നീതിമാന്മാരുടെ മേലും നീതി കെട്ടവരുടെ മേലും മഴപെയ്യിക്കുകയും ചെയ്യുന്നുവല്ലോ? നിങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിച്ചാൽ നിങ്ങൾക്കെന്തു പ്രതിഫലം? ചുങ്കക്കാരും അങ്ങനെത്തന്നെ ചെയ്യുന്നില്ലയോ? സഹോദരന്മാരെമാത്രം വന്ദനം ചെയ്താൽ നിങ്ങൾ എന്തു വിശേഷം ചെയ്യുന്നു? ജാതികളും അങ്ങനെത്തന്നെ ചെയ്യുന്നില്ലയോ? ആകയാൽ നിങ്ങളുടെ സ്വർഗ്ഗീയ പിതാവ് സൽഗുണപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും സൽഗുണ പ ൂർണ്ണരാകുവിൻ (മത്താ 5: 43-48).

പഴയനിയമത്തിൽ ദൈവം കല്പിച്ചിട്ടു്: നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക (ലേവ്യ 19:18). എന്നാൽ ശാസ്ത്രിമാരും പരീശന്മാരും ഈ കല്പനയെ വളച്ചൊടിച്ച്; തങ്ങളെ സ്നേ ഹിക്കുന്നവർ മാത്രമാണ് അവരുടെ അയൽവാസികൾ. തങ്ങളുടെ അയൽവാസികള ല്ലാത്തവരെല്ലാം അവരുടെ ശത്രുക്കളാണ്, അവരെ വെറുക്കുന്നത് ഉചിതംതന്നെ. എന്നാൽ ദൈവകല്പന അതല്ലായെന്ന് യേശു അവരെ പഠിപ്പിച്ചു.

*എല്ലാവരേയും* നമ്മുടെ അയൽക്കാരായി കാണണമെന്ന് നല്ലശമര്യക്കാരന്റെ കഥയിൽ യേശു പഠിപ്പിക്കുന്നു.[44] നാം എല്ലാവരേയും സ്നേഹിക്കണം നമ്മുടെ ശത്രുവിനെ പോലും ഇതാണ് ദൈവം തന്റെ മക്കൾക്കുവച്ചിരിക്കുന്ന ജീവിതനിലവാരം യേശു ആ നിലവാരത്തിൽ ജീവിച്ചുകാണിച്ചു. നല്ലവനും ദുഷ്ടനും അവൻ ഒരുപോലെ വെളിച്ചം നൽകുന്നു. കരുണകാണിച്ച് നാമും ആ വഴി പിൻപറ്റണം. അങ്ങനെ ചെയ്യുമ്പോൾ നാം സ്വർഗ്ഗത്തിൽ അതിവസിക്കുന്ന പിതാവിന്റെ മക്കൾ എന്നു വിളിക്കപ്പെടും (മത്താ 5:45). വീുംജനനം പ്രാപിച്ച ഏതൊരു വ്യക്തിയും പ ിതാവിനെപ്പോലെയാണ്.

ശത്രുക്കളോടു നാം കാണിക്കുന്ന സ്നേഹം കേവലം ഒരു വികാരപ്രകടനമൊ, അവരുടെ കുറ്റങ്ങൾ പൊറുക്കുന്ന ഒരു പെരുമാറ്റമൊ ആകണമെന്നല്ല ദൈവം പ്രതീക്ഷിക്കുന്നത്. നമ്മെ എതിർക്കുന്നവരരോട്

---

44 . എന്റെ അയൽവാസി ആരാണ്? ഈ ചോദ്യം ചോദിച്ച യഹൂദ പ്രമാണി സ്വയം നീതികരിച്ചുകൊാണ് ഇത് ചോദിച്ചത്. ഈ ചോദ്യത്തിന്റെ യഥാർത്ഥ ഉത്തരത്തെക്കുറിച്ച് ചോദ്യകർത്താവ് തന്നെ ബോധവാനായിരുന്നു. അപ്പോഴാണ് യേശു നല്ല ശമര്യക്കാരന്റെ കഥ പറഞ്ഞത്. ശമര്യനെ യഹൂദൻ വെറുക്കുന്നു പക്ഷേ ആ ശമര്യനെയണ് നല്ല അയൽക്കാരനായി യേശു വെളിപ്പെടുത്തിയത് (ലൂക്കോ 0:25-37.)

സംയമനം പാലിക്കുന്നതുമല്ല. ശത്രുവിനോടു കരുണകാണിച്ച് അവർക്കുവേി ഇടിമിൽനിന്ന് പ്രാർത്ഥിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

വിശുദ്ധിയുള്ളവർ മാത്രമെ ദൈവരാജ്യം അവകാശമാക്കുകയുള്ളു --യേശു ഊന്നിപ്പറയുന്നു. നിങ്ങളെ സ്നേഹിക്കുന്നവരെ മാത്രം നിങ്ങൾ സ്നേഹിച്ചാൽ, നിങ്ങൾ ചുങ്കക്കാരേക്കാളും ജാതികളേക്കാളും ശ്രേഷ്ടന്മാരല്ല എന്ന് യേശു ശിഷ്യന്മാരോടു പറഞ്ഞു. നമ്മെ സ്നേഹിക്കുന്നവരെ നാമും സ്നേഹിക്കുക എന്ന പ്രമാണമാണ് യഹൂദന്മാർ പാലിക്കുന്നത് ഇത് നമ്മെ ന രകയോഗ്യരാക്കുകയേയുള്ളു.

## ശാസ്ത്രിമാർ പരീശന്മാർ ഇവരിൽനിന്ന് വ്യത്യസ്തമായ നന്മ ചെയ്യാൻ പ്രേരണ ഉള്ളപ്പോൾ നന്മചെയ്യുക

**(Do Good for the Right Motives, Unlike the Scribes and Pharisees)**

യേശുവിനെ പിൻതുടരുന്നവർ വിശുദ്ധരും വിശുദ്ധരായിരിക്കേതിന്റെ ആവശ്യകത അറിഞ്ഞവരും ആയിരിക്കേണം. കല്പന അനുസരിക്കുമ്പോൾ തന്നെ ഒരുവന് ദൈവത്തിന് അനിഷ്ടമായത് ചെയ്യുവാനും കഴിയും. മറ്റുള്ളവരെ ആകർഷിക്കാൻ വേിമാത്രം നന്മചെയ്യുന്ന പരീശന്മാരുടേയും ശാസ്ത്രിമാരുടേയും കപട ഭക്തിയെ യേശു പുച്ഛിക്കുന്നത് കാണാം (മത്താ 23:5). ശിഷ്യന്മാർ ഇവരിൽനിന്നു വ്യത്യസ്തരായിരിക്കണമെന്ന് യേശു ആഗ്രഹിക്കുന്നു.

മനുഷ്യൻ കാണേതിനു നിങ്ങളുടെ നീതിയെ അവരുടെ മുമ്പിൽ ചെയ്യാതിരിപ്പാൻ സൂക്ഷിപ്പിൻ; അല്ലാഞ്ഞാൽ സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പ ിതാവിന്റെ പക്കൽ നിങ്ങൾക്കു പ്രതിഫലമില്ല.

> ആകയാൽ ഭിക്ഷകൊടുക്കുമ്പോൾ മനുഷ്യരാൽ മാനം ലഭിപ്പാൻ പ ള്ളികളിലും വീഥികളിലും കപടഭക്തിക്കാർ ചെയ്യുന്നതുപോലെ നിന്റെ മുമ്പിൽ കാഹളം ഊതിക്കരുത് അവർക്ക് പ്രതിഫലം കിട്ടിപ്പോയി എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. നീയോ ഭിക്ഷകൊടുക്കുമ്പോൾ നിന്റെ ഭിക്ഷ രഹസ്യത്തിലായിരിക്കേതിന് വലങ്കൈ ചെയ്യുന്നത് എന്ത് എന്നു ഇടങ്കൈ അറിയരുത്. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു നിനക്കു പ്രതിഫലം തരും (മത്താ 6: 1-4).

ഭിക്ഷക്കാരന് നാം ഭിക്ഷ നൽകണമെന്ന് യേശു ആഗ്രഹിക്കുന്നു. അതു കല്പനയാണ് (പുറ. 23:11, ലേവ്യ 19:10; 23-22, 25:35; ആവ 15: 7-11) എന്നാൽ ശാസ്ത്രിമാരും പരീശന്മാരും സ്വന്തമഹത്വത്തിനായി പരസ്യമായി ചെയ്യുന്നു. ഭിക്ഷ പോലും നൽകാത്ത അനേക വിശ്വാസികൾ ഉ്. പ്രശസ്തികാംക്ഷിക്കുന്ന പരീശൻ പരസ്യമായി ഭിക്ഷകൊടുക്കമ്പോൾ, അത് സ്വാർത്ഥത കൊാണെന്ന് പറയാം. എന്നാൽ ഒരു വിശ്വാസി പാപപ്പെട്ടവന് ഭിക്ഷ വിലക്കുന്നത് എന്തടിസ്ഥാനത്തിലാണ്? ഇവരുടെ നീതി പരിശന്റെയും ശാസ്ത്രിയുടേയും നീതിയെ കവിയുന്നതാണോ? 1 കൊരി 3:10-15 വരെയുള്ള

ഭാഗത്ത് പൗലോസ് പറയുന്നതുപോലെ നമുക്ക് തിന്മക്ക് നന്മചെയ്യാൻ കഴിയും. ലക്ഷ്യം നന്നല്ലെങ്കിൽ, പ്രവർത്തിക്ക് ഫലം ലഭിക്കുകയില്ല. തെറ്റായ ലക്ഷ്യത്തോടെ യേശുവിനെ പ്രസംഗിക്കാൻ കഴിയുമെന്ന് പൗലോസ് പ റയുന്നു (ഫിലി 1:15-17). നിങ്ങൾ നന്മചെയ്യുമ്പോൾ രഹസ്യമായി ചെയ്യുവിൻ -എന്ന് യേശു പറഞ്ഞു. "നിങ്ങളുടെ വലതുകൈ ചെയ്യുന്നത് നിങ്ങളുടെ ഇതുകൈ അറിയരുത്." ശിഷ്യന്മാരെ നേടുന്ന ഒരു ശുശ്രൂഷകൻ ഇത് തന്റെ സ്വന്തം ജീവിതത്തിൽ പ്രായോഗികമാക്കിയിരിക്കണം.

## ഉപവാസത്തിനും പ്രാർത്ഥനയ്ക്കും ശരിയായ ലക്ഷ്യം ഉ ായിരിക്കണം

## (Prayer and Fasting for the Right Reason)

ഉപവാസവും പ്രാർത്ഥനയും ദൈവത്തെ പ്രസാദിപ്പിക്കുവാനാണ്; മനുഷ്യനെ കാണിക്കുവാനല്ല. പരീശന്മാരും ശാസ്ത്രിമാരും സ്വ ന്തപുകഴ്ചക്കു വേി പ്രാർത്ഥിക്കുകയും ഉപവസിക്കുകയും ചെയ്യുന്നു; അവർക്ക് താല്കാലികമായ ഫലം ലഭിക്കുന്നു. യേശു ശിഷ്യന്മാർക്കു നൽകിയ മുന്നറിയിപ്പ് ശ്രദ്ധിക്കുക.

> നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ കപടഭക്തിക്കാരെപ്പോലെ ആകരുത്, അവർ മനുഷ്യർക്കുവിളങ്ങേതിനു പള്ളികളിലും തെരുക്കോണു കളിലും നിന്നുകൊു പ്രാർത്ഥിപ്പാൻ ഇഷ്ടപ്പെടുന്നു: അവർക്കു പ്രതിഫലം കിട്ടിപ്പോയി എന്നു ഞാൻ സത്യമായിട്ടുനിങ്ങളോടു പ റയുന്നു. നീയോ പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്നു വാതിൽ അടച്ചു രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർത്ഥിക്ക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്കു പ്രതിഫലം തരും.

> ഉപവസിക്കുമ്പോൾ നിങ്ങൾ കപടഭക്തിക്കാരെപ്പോലെ വാടിയ മുഖം കാണിക്കരുത്; അവർ ഉപവസിക്കുന്നതു മനുഷ്യർക്കു വിളങ്ങേതിനു മുഖം വിരൂപമാക്കുന്നു; അവർക്കു പ്രതിഫലം കിട്ടിപ്പോയി എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. നീയോ ഉപവസിക്കുമ്പോൾ നിന്റെ ഉപവാസം മനുഷ്യർക്കല്ല, രഹസ്യത്തിലുള്ള നിന്റെ പിതാവിനു വിളങ്ങേതിനു തലയിൽ എണ്ണതേച്ചു മുഖം കഴുകുക. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു നിനക്കു പ്രതിഫലം നല്കും. (മത്താ 5:5,6 16-18).

ഉപവാസത്തിലുടെ പ്രാർത്ഥനാജീവിതത്തെ ഉറപ്പിക്കാത്ത എത്ര വിശ്വാസികൾ ഇന്നു്?[45] അവരുടെ നീതി ശാസ്ത്രീമാരുടേയും പ രീശന്മാരുടേയും നീതിയെ അതിജിവിക്കുന്നതാണെന്ന് എങ്ങനെ പറയുവാൻ കഴിയും (അവരുടെ ഉപവാസം വൈരുദ്ധ്യമുള്ളതാണെങ്കിലും).

[45]. ഈ പുസ്തകത്തിൽ ഉപവാസം എന്ന ഒരു അദ്ധ്യായം തന്നെയു്.

## പ്രാർത്ഥനയിലും ദീർഘക്ഷമയിലും നിന്നുള്ള വ്യതിചലനം
## (A Digression Regarding Prayer and Forgiveness)

പ്രാർത്ഥനയുടെ ഒരു ഘടനതന്നെ യേശു ശിഷ്യന്മാർക്കു പഠിപ്പിച്ചുകൊടുത്തിട്ടു്. നമ്മുടെ പ്രാർത്ഥന ദൈവത്തെ നിന്ദിക്കുന്ന രൂപത്തിൽ ആകാൻ പാടില്ല. നമ്മുടെ ആവശ്യങ്ങൾ ദൈവം അറിയുന്നു. അർത്ഥശൂന്യമായ ആവർത്തനത്തിലൂടെ പ്രാർത്ഥിക്കരുത് (ദൈവം എല്ലാം അറിയുന്നു.)

> പ്രാർത്ഥനയിൽ നിങ്ങൾ ജാതികളെപ്പോലെ ജല്പനം ചെയ്യരുത്; അതിഭാഷണത്താൽ ഉത്തരം കിട്ടും എന്നല്ലോ അവർക്കു തോന്നുന്നത്. അവരോടു തുല്യരാകരുത്. നിങ്ങൾക്ക് ആവശ്യമുള്ളത് ഇന്നതെന്ന് നിങ്ങൾ യാചിക്കുംമുമ്പെ നിങ്ങളുടെ പിതാവു അറിയുന്നുവല്ലോ (മത്താ 6: 7-8).

നാം ദൈവത്തെ നന്നായി അറിയുന്നു എന്ന് നമ്മുടെ പ്രാർത്ഥന വെളിപ്പെടുത്തുന്നു. നിന്റെ ഇഷ്ടം വരേണമേ, നിന്റെ നാമം മഹത്വപ്പെടേണമേ. വചനവെളിപ്പാട് ലഭിച്ചവർ ഇങ്ങനെയാണ് പ്രാർത്ഥിക്കുന്നത്. വിശുദ്ധരായിരിക്കുക, ദൈവത്തെ പ്രസാദിപ്പിക്കുക - അവരുടെ താല്പര്യമതാണ്. കർത്താവിന്റെ പ്രാർത്ഥനയിൽ ഇതാണ് വെളിപ്പെട്ടിരിക്കുന്നത്. നമ്മുടെ സമർപ്പണത്തിന്റേയും[46] താല്പര്യത്തിന്റേയും പ്രായോഗികത ഇതിൽ വെളിപ്പെടുന്നു.

ഇങ്ങനെ പ്രാർത്ഥിക്കുക.

> സ്വർഗ്ഗസ്തനായ ഞങ്ങളുടെ പിതാവേ അങ്ങയുടെ നാമം വിശുദ്ധീകരിക്കപ്പെടേണമേ, അങ്ങയുടെ രാജ്യം വരേണമേ, അങ്ങയുടെ ഇഷ്ടം സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും വരേണമേ, ഞങ്ങൾക്കാവശ്യ മുള്ള ആഹാരം ദിനവും നൽകേണമേ (മത്താ 6: 7-11).

ദൈവത്തിന്റെ നാമം വിശുദ്ധീകരിക്കപ്പെടണം, പരിശുദ്ധമാകണം എന്നാണ് ശിഷ്യന്മാരുടെ പ്രാർത്ഥനയുടെ മർമ്മം.

ദൈവത്തിന്റെ നാമം വിശുദ്ധികരിക്കപ്പെടണം എന്ന് പ്രാർത്ഥിക്കുന്നവർ സ്വയം വിശുദ്ധിയുള്ളവരായിരിക്കണം. അല്ലെങ്കിൽ അത് കാപട്യമാണ്. മറ്റുള്ളവരും വിശുദ്ധരായിരിക്കണമെന്ന ഒരു സന്ദേശമാണ് ഈ പ്രാർത്ഥനയിൽ പ്രതിഫലിക്കുന്നത്.

---

[46] . യേശുവിന്റെപേരിൽ പ്രാർത്ഥിക്കുന്നില്ല എന്നതുകൊ് ചില ക്രസ്ത്യാനികൾ ഈ പ്രാർത്ഥനയെ അംഗീകരിക്കുന്നില്ല. ഈ തത്വത്തെ പരിഗണിച്ചാൽ അപ്പോസ്തല പ്രവൃത്തികളിൽ രേഖപ്പെടുത്തിയിരിക്കുന്ന പല പ്രാർത്ഥനകളും ക്രിസ്തീയ പ്രാർത്ഥനകൾ അല്ല.

“അങ്ങയുടെ രാജ്യം വരേണമേ.” ഇതിന്റെയും സന്ദേശം മുൻപറഞ്ഞതിന് സമാനമാണ്. രാജ്യം ഭരിക്കുന്ന ഒരു രാജാവ് ഉന്നെ സന്ദേശം ഇതിലു്. ഒരു വിശ്വാസി തന്നെ ഭരിക്കുന്ന, ഈ പ്രപഞ്ചത്തെ അടക്കിവാഴുന്ന ആ രാജാവിനെ കാണാൻ വെമ്പൽ കൊള്ളുന്നു. എല്ലാ മുട്ടും സർവ്വശക്തനായ യേശുവിന്റെ മുമ്പിൽ മടങ്ങും. “അങ്ങയുടെ ഇഷ്ടം സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും ആകേണമേ”--എന്ന മൂന്നാമത്തെ അപേക്ഷ ഒന്നും രും അപേക്ഷയുടെ ഒരു സമന്വയമാണ്. ദൈവത്തിന് നമ്മെ തന്നെ സമ്പൂർണ്ണമായി വിധേയപ്പെടുത്തികൊടുക്കാതെ ഇങ്ങനെ പ്രാർത്ഥിക്കുവാൻ കഴിയുകയില്ല.

ദൈവത്തിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും സമൂലം വന്നു ഭവിക്കുവാൻ ഒരു ദൈവപൈതൽ സമ്പൂർണ്ണമായി ആഗ്രഹിക്കുന്നു. “അന്നന്നുള്ള ആഹാരം” നൽകേണമേ എന്ന യാചനയേക്കാൾ ഉപരി മൂല്യം, അവിടുത്തെ രാജ്യം വരേണമേ, അങ്ങയുടെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ എന്ന പ്രാർത്ഥന അന്നന്നുള്ള ആഹാരം നൽകേണമെ എന്ന പ്രാർത്ഥനയേക്കാൾ മൂല്യമുള്ളതാണ്. ഇവിടെ നമ്മുടെ ആവശ്യങ്ങളുടെ പട്ടികയനുസരിച്ചാണ് പ്രാർത്ഥന പോകുന്നതെങ്കിലും, ദുരാഗ്രഹത്തിന്റെ സൂചനപോലും ഇവിടെയില്ല. ശിഷ്യന്മാർ സേവിച്ചത് മാമോനെയല്ല ദൈവത്തേയാണ് ലോകത്തിന്റെ ധനം അവരുടെ ലക്ഷ്യമായിരുന്നില്ല. ഈ നാലാമത്തെ ഭാഗം ദൈനംദിനപ്രാർത്ഥനയിൽ തുടക്കത്തിൽതന്നെ പ്രാർത്ഥിക്കുന്നത് നന്നായിരിക്കും.

## മാതൃകാ പ്രാർത്ഥനയുടെ തുടർച്ച
## (The Model Prayer Continues)

ശിഷ്യന്മാർ പാപം ചെയ്തിട്ടുോ? ഉ്, നിങ്ങളുടെ പാപത്തിന് ക്ഷമ ചോദിക്കുവിൻ, എന്ന് യേശു അവരോട് ആഹ്വാനം ചെയ്തിട്ടു്.

> ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ; ഞങ്ങളെ പരീക്ഷയിൽ കടത്താതെ ദുഷ്ടങ്കൽനിന്നു വിടുവിക്കേണമെ. രാജ്യവും ശക്തിയും മഹത്വം എന്നേക്കും നിനക്കുള്ളതല്ലോ. നിങ്ങൾ മനുഷ്യരോടു അവരുടെ പിഴകളെ ക്ഷമിച്ചാൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു നിങ്ങളോടും ക്ഷമിക്കും. നിങ്ങൾ മനുഷ്യരോടു പിഴകളെ ക്ഷമിക്കാഞ്ഞാലോ നിങ്ങളുടെ പിതാവു നിങ്ങളുടെ പിഴകളേയും ക്ഷമിക്കയില്ല (മത്താ 6:12–15).

അനുസരണക്കേട് ദൈവത്തോടുള്ള നിന്ദയാണെന്ന് ശിഷ്യന്മാർക്ക് ബോധമുായിരുന്നു. പാപം ചെയ്യുന്നത് ഹീനമാണെന്ന് അവർ അറിഞ്ഞിരുന്നു. അവരുടെ കറ കഴുകി സ്വർഗ്ഗസ്തനായ പിതാവ് അവരോടു ക്ഷമിച്ചു. എന്നാൽ കർത്താവിന്റെ പ്രാർത്ഥനയിലെ അഞ്ചാമത്തെ ഭാഗത്തുകാണുന്ന ക്ഷമയാചിക്കുക എന്ന പ്രവൃത്തി അവർ ചെയ്യണം.

"ക്ഷമ നൽകുക" എന്നത് വ്യവസ്തയ്ക്ക് വിധേയമാണ് ദൈവം അവരുടെ തെറ്റ് ക്ഷമിക്കുമ്പോൾ അവരും മറ്റുള്ളവരുടെ തെറ്റ് ക്ഷമിക്കുവാൻ തയ്യാറായിരിക്കണം. നമ്മുടെ വലിയ തെറ്റുകൾ ദൈവം ക്ഷമിക്കുന്നതുകൊ് മറ്റുള്ളവർ നമ്മോടുചെയ്ത തെറ്റുകൾ നാമും ക്ഷമിക്കണം, അത് വ്യവസ്ഥയാണ് (സ്നേഹമില്ലാത്തവരോടു പോലും സ്നേഹത്തോടും അനുരഞ്ജനത്തോടും പ്രവർത്തിക്കുക) ക്ഷമിക്കാൻ തയ്യാറല്ലാത്തവരോടു ദൈവവും ക്ഷമിക്കില്ല.

വിശുദ്ധനായിരിക്കുക എന്നതാണ് അവസാനത്തെതും ആറാമത്തേതുമായ പ്രാർത്ഥന. പ്രലോഭനങ്ങൾക്ക് അടിമയാക്കാതെ തിന്മയിൽ നിന്നു വിടുവിക്കേണമേ. ശിഷ്യന്മാർ വിശുദ്ധികാംക്ഷിക്കുന്നു; തിന്മയിലേക്കു നടത്തരുതേയെന്ന് അവർ പ്രാർത്ഥിക്കുന്നു കൂടാതെ എന്തെങ്കിലും തിന്മ ഭവിച്ചിട്ടുങ്കിൽദൈവം വിടുവിക്കണമെന്ന് അപേക്ഷിക്കുന്നു. തിന്മയുടെയും പ്രലോഭനത്തിന്റെയും ലോകത്തിൽ ഒരു ദിവസം ആരംഭിക്കുമ്പോൾ ഈ പ്രാർത്ഥന അത്യാവശ്യമാണ്. യേശു പഠിപ്പിച്ച ഈ പ്രാർത്ഥന നാം പ്രാർത്ഥിക്കുമ്പോൾ തീർച്ചയായും ദൈവം ഉത്തരം അരുളുകതന്നെ ചെയ്യും.

പ്രാർത്ഥനയിലെ ഈ ആറുകാര്യങ്ങളും മർമ്മപ്രധാനമാണ്. രാജ്യവും ശക്തിയും മഹത്വവും എന്നേക്കും ദൈവത്തിനുള്ളതാകുന്നു (മത്താ 6:13). ദൈവത്തോടു നാം പ്രാർത്ഥനയിൽ യാചിക്കണം കാരണം രാജ്യവും ശക്തിയും മഹത്വം എന്നും എന്നേക്കും ദൈവത്തിനുള്ളകാകുന്നു. ദൈവത്തിന്റെ രാജ്യത്തിൽ ദൈവം മഹാരാജാവായി വാഴുന്നു. നാം എല്ലാം അവന്റെ ഭൃത്യരാണ്. അവൻ സർവ്വശക്തനാണ്, അവന്റെ ഇഷ്ടത്തെ തടയുവാൻ ആർക്കും കഴിയുകയില്ല. സർവ്വമഹത്വവും അവനുള്ളത്. ആരാധിക്കപ്പെടുവാൻ യോഗ്യൻ അവൻ മാത്രം.

കർത്താവിന്റെ പ്രാർത്ഥനയിലെ മർമ്മമെന്താണ് – വിശുദ്ധി. ദൈവത്തിന്റെ നാമം വിശുദ്ധീകരിക്കപ്പെടാനും, അവന്റെ രാജ്യം ഭൂമിയിൽ സ്ഥാപിതമാകാനും, അവന്റെ ഇഷ്ടം സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും ആകുവാനും കർത്താവിന്റെ ശിഷ്യന്മാർ കാംക്ഷിക്കുന്നു. അന്നന്നുള്ള ആഹാരത്തേക്കാൾ ശിഷ്യന്മാർക്ക് പ്രധാനം ഇതൊക്കെയാണ്. ദൈവത്തിന്റെ ദൃഷ്ടിയിൽ പ്രസാദമുള്ളവരായിരിക്കുക; വീഴ്ച വരുമ്പോൾ ക്ഷമക്കായി യാചിക്കുക ഇതൊക്കെയാണ് ശിഷ്യന്മാർ കാംക്ഷിക്കുന്നത്. പ്രലോഭനം പാപത്തിലേക്കു നയിക്കുമെന്നതിനാൽ പ്രലോഭനങ്ങളെ അതിജീവിക്കുവാനുള്ള

പൂർണ്ണവിശുദ്ധി ശിഷ്യന്മാർ കാംക്ഷിക്കുന്നു. ശിഷ്യന്മാരെ രൂപപ്പെടുത്തുന്ന ഒരു ശുശ്രൂഷകൻ തീർച്ചയായും ഇത് തന്റെ ശിഷ്യന്മാരെ പഠിപ്പിക്കണം.

## ശിഷ്യനും ഭൗതിക സമ്പത്തും
## (The Disciple and His Material Possessions)

ഭൗതികമായ സമ്പത്ത് സ്വരൂപിക്കാൻ വെമ്പൽകാട്ടുന്ന ഒരു വിശ്വാസിക്ക് ഗിരിപ്രഭാഷണത്തിലെ ഈ വിഷയം സ്വാഗതാർഹമാകണ മെന്നില്ല.

> പുഴുവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുത്. പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരുന്നുമോഷ്ടിക്കാതെയുമിരി ക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചുകൊൾവിൻ. നിന്റെ നിക്ഷേപം ഉള്ളേടത്ത് നിന്റെ ഹൃദയവും ഇരിക്കും. ശരീരത്തിന്റെ വിളക്ക് കണ്ണ് ആകുന്നു. കണ്ണുചൊവ്വുള്ളതെങ്കിൽ നിന്റെ ശരീരം മുഴുവനും പ്രകാശിതമായിരിക്കും. കണ്ണുകേടുള്ളതെങ്കിലോ നിന്റെ ശരീരം മുഴുവനും ഇരുതായിരിക്കും. എന്നാൽ നിന്നിലുള്ള വെളിച്ചം ഇരുട്ടായാൽ ഇരുട്ട് എത്ര വലിയതു (മത്താ 6:19–24).

ഭൂമിയിൽ നിക്ഷേപം സ്വരൂപിക്കരുതെന്ന് യേശു കല്പിച്ചു. എന്താണ് ഈ ''നിക്ഷേപം''? പ്രായോഗികമായ ഉപയോഗത്തിന് ഉപകരിക്കാത്ത, നിക്ഷേപപെട്ടികളിലും മറ്റും ശേഖരിച്ചുവയ്ക്കുന്ന സമ്പത്താണ് നിക്ഷേപം. ചിതലരിക്കുകയും, തുരുമ്പുപിടിക്കകയും, കള്ളന്മാർ തുരന്നു മോഷ്ടിക്കുകയും ചെയ്യുന്നതാണ് ഈ നിക്ഷേപങ്ങൾ. മറ്റൊരർത്ഥത്തിൽ പ റഞ്ഞാൽ ആവശ്യത്തിന് ഉപയോഗിക്കപ്പെടാത്തവ നാം ഉപയോഗിക്കാത്ത, ന മ്മുടെ ദൃഷ്ടിയിൽ പെടാത്തവയെയാണ് ചിതൽ കടിക്കുന്നത്. വിരളമായി നാം ഉപയോഗിക്കുന്നവയെയാണ് തുരുമ്പ് പിടിക്കുന്നത്. മനുഷ്യൻ യഥാർത്ഥത്തിൽ ആവശ്യമില്ലാത്ത പണയം വയ്ക്കാൻ ഉപയോഗിക്കുന്ന വിലപിടിപ്പുള്ള ശില്പങ്ങൾ, രത്നങ്ങൾ ആഭരണങ്ങൾ മുതലായവയാണ് വികസിത രാജ്യങ്ങളിൽ കള്ളന്മാർ മോഷ്ടിക്കുന്നത്.

ഒരു ശിഷ്യൻ തനിക്കുള്ളതെല്ലാം വിട്ടുപിരിഞ്ഞവനായിരിക്കണം (ലൂക്കോ 14:33). ദൈവത്തിന്റെ ഖജനാവിന്റെ കാര്യസ്ഥന്മാരാണ് ശിഷ്യന്മാർ. പണം ചിലവിടുന്നത് ആത്മിക തീരുമാനമാണ്. നമ്മുടെ ജീവിതത്തെ ആരാണ് നിയന്ത്രിക്കുന്നത് എന്നതിന്റെ അടിസ്ഥാനത്തിലാണ് നാം പണം ചിലവിടുന്നത്. നാം സമ്പത്ത് സ്വരൂപിച്ച് ആവശ്യമില്ലാത്തതുവാങ്ങിക്കൂട്ടിയാൽ നമ്മെ നിയന്ത്രിക്കുന്നതു കർത്താവല്ല എന്നു കാണാൻ കഴിയും. കാരണം കർത്താവിന്റെ നിയന്ത്രണത്തിലായിരുന്നെങ്കിൽ അവൻ നമ്മെ ഏല്പിച്ച പണത്തെ നാം ശ്രേഷ്ടമായി ഉപയോഗിക്കുമായിരുന്നു.

എന്താണ് ശ്രേഷ്ടമായ ആ കാര്യങ്ങൾ? സമ്പത്ത് സ്വർഗ്ഗത്തിൽ സ്വരൂപിക്കാൻ യേശു കല്പിക്കുന്നു. ഇതെങ്ങനെ സാദ്ധ്യമാകും? ലൂക്കോസിന്റെ സുവിശേഷത്തിൽ യേശു പറയുന്നു. നിങ്ങൾക്കുള്ളത് വിറ്റ് ഭിക്ഷകൊടുപ്പിൽ, കള്ളൻ അടുക്കയോ, പുഴുകെടുക്കയോ ചെയ്യാത്ത സ്വർഗ്ഗത്തിൽ പഴകിപോകാത്ത മടിശ്ശീലകളും, തീർന്നുപോകാത്ത നിക്ഷേപവും നിങ്ങൾക്ക് ഉാക്കിക്കൊൾവിൻ (ലൂക്കോ 12:33).

അഗതികളെ സഹായിക്കാനും, സുവിശേഷം പ്രചരിപ്പിപ്പാനും പണം ചിലവിടുമ്പോൾ നാം പണം സ്വർഗ്ഗത്തിൽ നിക്ഷേപിക്കുകയാണ്. യേശു പറയുന്നു, പുഴുവരിക്കുന്ന ഈ ലോകത്ത് നിങ്ങളുടെ നിക്ഷേപങ്ങൾ സ്വരൂപിക്കരുത്. പുഴുകെടുക്കയോ കള്ളൻ അടുക്കയോ ചെയ്യാത്ത സ്വർഗ്ഗത്തിൽ നിങ്ങളുടെ നിക്ഷേപങ്ങൾ സ്വരൂപിക്കുവിൻ. ശിഷ്യന്മാരെ വാർത്തെടുക്കുന്ന ഒരു ശുശ്രൂഷകൻ ഇങ്ങനെ സ്വയം ചെയ്യുകയും തന്റെ ശിഷ്യന്മാരെ ഇങ്ങനെ ചെയ്യാൻ പഠിപ്പിക്കുകയും ചെയ്യുന്നു.

## വിടക്കുകണ്ണ്
## (The Bad Eye)

കണ്ണുകേടുള്ളതെങ്കിൽ ശരീരം മുഴുവൻ ഇരുതായിരിക്കും. കണ്ണു ചൊവ്വുള്ളതെങ്കിൽ ശരീരം മുഴുവൻ പ്രകാശിതമായിരിക്കും എന്ന് യേശു പറഞ്ഞതിന്റെ യഥാർത്ഥപൊരുൾ എന്താണ്? ഭൗതിക നന്മകളെക്കുറിച്ചായിരിക്കാം യേശു പ്രതിപാദിക്കുന്നത്. കാരണം ഇതിനു മുമ്പും പിൻപും യേശു സംസാരിച്ചത് ഈ വിഷയമാണല്ലോ. മത്തായി 6:23 ൽ കേടുള്ളത് എന്ന് വിവർത്തനം ചെയ്തിരിക്കുന്ന ഗ്രീക്ക് പദം മത്തായി 20:15ൽ കണ്ണുകടി (ല്ശീൗല) എന്നാണ് വിവർത്തനം ചെയ്തിരിക്കുന്നത്. ഞാൻ നല്ലവനാകകൊ $_{\nu}$ നിന്റെ കണ്ണുകടിക്കുന്നുവോ? എന്ന് തൊഴിൽ ദാതാവ് തൊഴിലാളിയോടു ചോദിക്കുന്നു. ഇവിടെ അത്യാഗ്രഹത്തെയാണ് കണ്ണുകടി എന്ന വാക്കുകൊ് ഉദ്ദേശിക്കുന്നത്. മത്തായി 6:22-23 ൽ പറഞ്ഞിരിക്കുന്നത് മനസ്സിലാക്കാൻ ഇത് സഹായിക്കുന്നു.

ശുദ്ധമായ കണ്ണുള്ളവൻ സത്യവെളിച്ചം ഹൃദയത്തിൽ കടന്നുവരാൻ അനുവദിക്കുന്ന വിശുദ്ധിയുള്ള ഹൃദയമുള്ളവനെ പ്രതിനിധീകരിക്കുന്നു. ഇങ്ങനെയുള്ളവൻ നശ്വരമായ ഭൂമിയിൽ സമ്പത്ത് സ്വരൂപിക്കാതെ, അവന്റെ ഹൃദയം ഇരിക്കുന്ന സ്വർഗ്ഗത്തിൽ സമ്പത്തു സ്വരൂപിക്കുന്നു. വിടക്കു കണ്ണുള്ളവൻ വേുവോളം പ്രകാശം തന്നില് എന്ന് തെറ്റിദ്ധരിച്ച് തന്റെ ഹൃദയത്തിൽ പ്രകാശം കടന്നുവരുവാൻ അനുവദിക്കുന്നില്ല. തന്മൂലം അവന്റെ ഹൃദയം അന്ധകാരത്തിന്റെ കലവറയായി മാറുന്നു. അവന്റെ സമ്പത്ത് ഈ ഭൂമിയിൽ സ്വരൂപിക്കപ്പെടുന്നു. സ്വന്തം തൃപ്തിയാണ് ജീവിതത്തിന്റെ ലക്ഷ്യം. സമ്പത്താണ് അവന്റെ ദൈവം അവൻ സ്വർഗ്ഗരാജ്യം അവകാശമാക്കുകയില്ല.

പണം നമ്മുടെ ദൈവമാകുക എന്നു പറഞ്ഞാൽ അതിന്റെ അർത്ഥമെന്താണ്? ദൈവത്തിന് അവകാശപ്പെട്ട നിങ്ങളുടെ ഹൃദയത്തിന്റെ

സ്ഥാനത്ത് പണത്തെ പ്രതിഷ്ടിക്കുമ്പോൾ പണം നിങ്ങളുടെ ദൈവമായിമാറുന്നു. നിങ്ങളുടെ ഊർജ്ജത്തേയും, ചിന്തയേയും, സമയത്തേയും, ജീവിതത്തേയും പണം നിയന്ത്രിച്ചു തുടങ്ങും. ദ്രവ്യം സന്താഷത്തിന്റെ ഉറവിടമായിമാറും. നിങ്ങൾ അതിനെ സ്നേഹിക്കും.[47] [47]ദുരാഗ്രഹം വിഗ്രഹാരാധനപോലെയാണ്. ദുരാഗ്രഹി സ്വർഗ്ഗരാജ്യം അവകാശമാക്കുകയില്ല (എഫെ 5:5, കൊലൊ: 3:5–6).

ദൈവത്തിനും പണത്തിനും ഒരുവന്റെ ജീവിതത്തിന്റെ യജമാനനാകാൻ കഴിയും. എന്നാൽ രിനേയും ഒരുമിച്ച് സേവിക്കുവാൻ കഴിയുകയില്ല. വിശുദ്ധിയുള്ളവരേ ദൈവരാജ്യത്തിൽ കടക്കയുള്ളൂ, യേശുവിന്റെ പ്രാഥമിക ഉപദേശമാണിത്. ചിലർ ദ്രവ്യത്തിന് ദൈവത്തിന്റെ സ്ഥാനം നൽകുന്നു. അവരുടെ ഹൃദയം ദ്രവ്യത്തിലും, ലോകസമ്പത്തിലും ഉറച്ചിരിക്കുന്നതിനാൽ ജീവന്റെ ഇടുങ്ങിയ പാതയിലുടെ നിത്യതയിലേക്കുള്ള യാത്രയിൽ അവർക്കു പങ്കില്ല.

## ആശയുള്ള അഗതികൾ
## (The Covetous Poor)

പ്രാഥമിക ആവശ്യവസ്തുക്കളെ ഉപയോഗശൂന്യമായി കൂട്ടിവയ്ക്കു ന്നതും, ആഡംബരവസ്തുക്കളായി അവ ശേഖരിച്ചുവയ്ക്കുന്നതും തെറ്റാണ്. യേശു പറഞ്ഞു: അതുകൊ് ഞാൻ നിങ്ങളോട് പറയുന്നത്: എന്തു തിന്നും, എന്തുകുടിക്കും എന്നു നിങ്ങളുടെ ജീവന്നായിക്കൊും എന്തു ഉടുക്കും എന്നു ശരീരത്തിന്നായിക്കൊും വിചാരപ്പെടരുത്. ആഹാരത്തേക്കാൾ ജീവനും, ഉടുപ്പിനേക്കാൾ ശരീരവും വലുതല്ലയോ? ആകാശത്തിലെ പറവകളെ നോക്കുവിൻ; അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ കൂട്ടിവെയ്ക്കുന്നതുമില്ല. എങ്കിലും സ്വർഗ്ഗസ്തനായ നിങ്ങളുടെ പിതാവ് അവയെ പുലർത്തുന്നു. അവയേക്കാൾ നിങ്ങൾ ഏറ്റവും വിശേഷതയുള്ളവരല്ലയോ? വിചാരപ്പെടുന്നതിനാൽ തന്റെ നീളത്തോടു ഒരു മുഴം കൂട്ടുവാൻ നിങ്ങളിൽ ആർക്കുകഴിയും? ഉടുപ്പിനെക്കുറിച്ച് വിചാരപ്പെടുന്നതും എന്ത്? വയലിലെ താമര എങ്ങനെ വളരുന്നു എന്നു നിരൂപിക്കുവിൻ. അവ അദ്ധ്വാനിക്കുന്നില്ല, നൂൽക്കുന്നുതുമില്ല. എന്നാൽ ശലോമോൻ പോലും തന്റെ സർവ്വമഹത്വത്തിനും ഇവയിൽ ഒന്നിനോളം ചമഞ്ഞിരുന്നില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു. ഇന്നുള്ളതും നാളെ അടുപ്പിൽ ഇടുന്നതുമായ വയലിലെ പുല്ലിനെ ദൈവം ഇങ്ങനെ ചമയിക്കുന്നു എങ്കിൽ, അല്പവിശ്വാസികളേ, നിങ്ങളെ എത്ര അധികം

---

47 . നിങ്ങൾക്ക് ദൈവത്തേയും മാമോനേയും, സേവിക്കുവാൻ കഴിയുകയില്ലായെന്ന് യേശു പറയുന്നു. ഇതൊക്കേയും ദ്രവ്യാഗ്രഹികളായ പരീശന്മാർകേട്ട്, അവനെ പരിഹസിച്ചു. (ലൂക്കോ 16:14). ഗിരിപ്രഭാഷണത്തിൽ യേശു വീും പരീശന്മാരുടെ ഉപദേശത്തിന്റെ പൊള്ളത്തരത്തെ തുറന്നു കാട്ടുന്നു.

> ആകയാൽ നാം എന്തുതിന്നും, എന്തുകുടിക്കും എന്തുടുക്കും എന്നിങ്ങനെ നിങ്ങൾ വിചാരപ്പെടരുത്. ഈ വക ഒക്കേയും ജാതികൾ അന്വേഷിക്കുന്നു. സ്വർഗ്ഗസ്തനായ നിങ്ങളുടെ പിതാവ് ഇതൊക്കെയും നിങ്ങൾക്ക് ആവശ്യം എന്ന് അറിയുന്നുവല്ലോ. മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ, അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്ക് കിട്ടും. അതുകൊ് നാളെക്കായി വിചാരപ്പെടരുത്; നാളത്തെ ദിവസം തനിക്കായി വിചാരപ്പെടുമല്ലോ; അതതുദിവസത്തിനു അന്നന്നത്തെ ദോഷം മതി (മത്താ. 6: 25-34).

യേശുവിന്റെ ഈ പ്രസ്താവനയോടു പലരും യോജിച്ചില്ല. എപ്പോഴാണ് നിനക്ക് ആഹാരം, വസ്ത്രം, വെള്ളം, ഇവ ഇല്ലാതിരുന്നത്. എന്നവർ ചോദിക്കുന്നു.

യേശുവിന്റെ വാക്കുകൾ നമ്മോടെല്ലാവരോടുമാണ്. ആവശ്യമുള്ളതു തന്നെ ആവശ്യത്തിൽ കുടുതൽ ശേഖരിച്ചുവയ്ക്കുന്നത് തെറ്റാണെങ്കിൽ ആവശ്യമില്ലാത്ത സാധനങ്ങൾ ശേഖരിച്ചുകൂട്ടിവയ്ക്കുന്നത് എത്രയധികം തെറ്റാണ്. ശിഷ്യന്മാർ രുകാര്യം അറിഞ്ഞിരിക്കണമെന്ന് യേശു ആഗ്രഹിക്കുന്നു. അവന്റെ രാജ്യവും അവന്റെ നീതിയും. ദശാംശം കൊടുക്കുന്നത് ഉൾക്കൊള്ളാൻ കഴിയാത്ത ഒരുവൻ, എന്നാൽ ആവശ്യമില്ലാത്ത സാധനങ്ങൾ ശേഖരിക്കുന്നതിൽ തത്പരൻ, അവന്, ആദ്യം അവന്റെ രാജ്യവും നീതിയും അന്വേഷിക്കുക --എന്ന യേശുവിന്റെ ഉപദേശത്തിന്റെ നിലവാരത്തെ ഉൾക്കൊള്ളാൻ കഴിയുമോ? ഉത്തരം വളരെ വ്യക്തമാണ്.

## കുറ്റങ്ങൾ കുപിടിക്കുന്ന ഒരുവൻ ആകരുത്
## (Don't be a Fault-Finder)

കുറ്റം വിധിക്കുന്നതും ന്യായം വിധിക്കുന്നതും പാപമാണെന്ന് യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചു.

> നിങ്ങൾ വിധിക്കപ്പെടാതിരിക്കേതിന് വിധിക്കരുതു. നിങ്ങൾ വിധിക്കുന്ന വിധിയാൽ നിങ്ങളെയും വിധിക്കും; നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നുകിട്ടും. എന്നാൽ സ്വന്തകണ്ണിലെ കോൽ ഓർക്കാതെ സഹോദരന്റെ കണ്ണിലെ കരടുനോക്കുന്നതു എന്ത്? അല്ല സ്വന്തകണ്ണിൽ കോൽ ഇരിക്കെ നീ സഹോദരനോടു: നില്ല്, നിന്റെ കണ്ണിൽനിന്നു കരടു എടുത്തു കളയട്ടെ, എന്നു പറയുന്നതെങ്ങനെ? കപടഭക്തിക്കാരാ, മുമ്പെ സ്വന്തംകണ്ണിൽനിന്നു കോൽ എടുത്തുകളക, പിന്നെ സഹോദരന്റെ കണ്ണിൽനിന്നു കരടു എടുത്തുകളവാൻ വെടിപ്പായികാണും (മത്തായി 7:1-5).

പരീശന്മാരെയോ, ശാസ്ത്രിമാരെയൊ നേരിട്ട് പരാമർശിക്കുന്നില്ലെങ്കിലും, ഈ പ്രസ്താവനയിൽ അവർ പങ്കാളികളാണ് എന്നും തന്മൂലം പ ാപം ചെയ്യുന്നവരാണെന്നും യേശുവിന് അറിയാം.

മറ്റുള്ളവരെ കുറ്റം വിധിക്കുന്നതിനെക്കുറിച്ച് യേശു പറഞ്ഞതിന്റെ പൊരുൾ എന്താണ്? ആദ്യമായി, യേശു ഈ പ്രസ്താവനയിലൂടെ എന്ത് അർത്ഥമാക്കിയില്ലാ എന്നു നോക്കാം. മനുഷ്യന്റെ പ്രവർത്തിയുടേയും സ്വഭാവത്തിന്റേയും അടിസ്ഥാനത്തിൽ വ്യക്തികളുടെ സ്വഭാവത്തെ മനസ്സിലാക്കുകയോ, അവരെ വിവേചിച്ച് അറിയുകയോ വോയെന്ന് യേശു ഇവിടെ അർത്ഥമാക്കുന്നില്ല. ഇത് വളരെ വ്യക്തമാണ്. നിങ്ങളുടെ വിലയേറിയ മുത്തുകളെ നായ്ക്കളുടേയോ പന്നികളുടേയോ നടുവിൽ എറിഞ്ഞു കൊടുക്കരുത് എന്ന് യേശു ശിഷ്യന്മാരെ ഉദ്ബോധിപ്പിച്ചു. മുത്തിനുസമാനം മൂല്യമുള്ളതുനൽകുമ്പോൾ അതിന്റെ വിശുദ്ധിയേയും മൂല്യത്തേയും തിരിച്ചറിയാത്തവരെയാണ് ഇവിടെ നായയെന്നും പന്നിയെന്നും ആലങ്കാരികഭാഷയിൽ പറഞ്ഞിരിക്കുന്നത്. അവർ രക്ഷിക്കപ്പെടാത്ത വ്യക്തികൾതന്നെ. കല്പന അനുസരിക്കുന്നവരായ നാം ഈ ജാതികളെ യേശുവിന്റെ കല്പന പ്രകാരം വിധിക്കയും തിരിച്ചറിയുകയും വേണം.

ആടുകളുടെ വേഷംപൂ കള്ളപ്രവാചകന്മാരെ തിരിച്ചറിയുന്നതെങ്ങനെ എന്ന് യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചു. (7:15). അവരുടെ ഫലങ്ങളാൽ നിങ്ങൾക്ക് അവരെ തിരിച്ചറിയാം. ആളുകളുടെ ജീവിതരീതിയെ നീരീക്ഷിച്ചതിനുശേഷമേ വിധിക്കാവു.

പൗലോസ് കൊരിന്തിലുള്ള വിശ്വാസികൾക്കെഴുതി.

> എന്നാൽ സഹോദരൻ എന്നു പേർപെട്ട ഒരുവൻ ദുർന്നടപ്പുകാരനോ അത്യാഗ്രഹിയോ വിഗ്രഹാരാധിയോ വാവിഷ്ഠാണക്കാരനോ മദ്യപനേ ാ പിടിച്ചുപറിക്കാരനോ ആകുന്നു എങ്കിൽ അവനോട് സംസർഗ്ഗം അരുത്; അങ്ങനെയുള്ളവനോടുകൂടെ ഭക്ഷണം കഴിക്കപോലും അരുത് എന്നത്രേ ഞാൻ നിങ്ങൾക്ക് എഴുതിയത് (1 കൊരി 5:11).

വ്യക്തികളുടെ ജീവിതരീതിയെ നിരീക്ഷിച്ച്, ആ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ നമുക്ക് ഒരുവനെ വിലയിരുത്താൻ കഴിയുകയുള്ളു.

ദൈവത്തിൽനിന്നുള്ളവൻ ആരെന്നും പിശാചിൽ നിന്നുള്ളവർ ആരെന്നും നമുക്ക് വിവേചിച്ചറിയാമെന്ന് അപ്പോസ്തലനായ യോഹന്നാൽ ന മ്മെ പഠിപ്പിക്കുന്നു. രക്ഷിക്കപ്പെട്ടവനേയും അല്ലാത്തവനേയും അവന്റെ ജീവിതരീതികൊ് തിരിച്ചറിയാം (1 യോഹ 3:10).

വ്യക്തികളുടെ സ്വഭാവത്തെയും പ്രവർത്തികളേയും പഠിച്ച് അവർ ദൈവത്തിനുള്ളവരോ, പിശാചിനുള്ളവരോ എന്ന് നിജപ്പെടുത്തുന്നത് തെറ്റല്ല.

ആരേയും വിധിക്കരുത് എന്ന് യേശു പറഞ്ഞതിനോട് ഇതിന് ബന്ധമില്ല. യേശു യഥാർത്ഥത്തിൽ അർത്ഥമാക്കിയതെന്താണ്?

സഹോദരന്റെ തെറ്റുകൾ (കുറ്റികൾ) കത്തുന്നതിനെക്കുറിച്ചാണ് സംസാരിക്കുന്നത് (സഹോദരൻ എന്ന വാക്ക് മൂന്നു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു) ആളുകളുടെ തെറ്റുകളെ കത്തി അവരെ അവിശ്വാസികളെന്നു മുദ്രകുത്തുന്നതിനെയല്ല യേശു അർത്ഥമാക്കിയത്. വിശ്വാസികൾ വിശ്വാസികളെ എങ്ങനെ വിലയിരുത്തണമെന്നു പ ഠിപ്പിക്കുകയാണ്. സ്വയം വലിയ തെറ്റുകൾ ചെയ്തുകൊ്, മറ്റുള്ളവരുടെ ചെറിയ തെറ്റുകളെ കുപിടിക്കുന്നത് കാപട്യമാണെന്ന് യേശു കാണുന്നു. കപടഭക്തിക്കാരായ വിധികർത്താക്കളെനോക്കി യേശു വിളിച്ചു പറഞ്ഞു. നിങ്ങളിൽ പാപം ഇല്ലാത്തവർ ആദ്യം അവളെ കല്ലെറിയട്ടെ (യോഹ 8:7).

അപ്പോസ്തലനായ യാക്കോബിന്റെ ലേഖനം ഗിരിപ്രഭാഷണത്തോടു സാമ്യമുള്ളതാണ്. സഹോദരന്മാരെ, വിധിക്കപ്പെടാതിരിപ്പാൻ ഒരുവന്റെ നേരെ ഒരുവൻ ഞരങ്ങിപ്പോകരുത്, ഇതാ ന്യായാധിപധി വാതിൽക്കൽ നിൽക്കുന്നു (യാക്കോ 5:9). സഹോദരന്റെ നിസ്സാരതെറ്റുകളെ കത്തി സമൂഹത്തിൽ പ്രചരിപ്പിക്കുന്നവർക്കെതിരെ യേശു നൽകുന്ന മുന്നറിയിപ്പിനെ ഓർമ്മിക്കുവാൻ ഈ വചനഭാഗം നമ്മെ സഹായിക്കും. സഭയിൽ നിലനിൽക്കുന്ന ഒരു വലിയ പാപമാണിത്. വിധിക്കുന്നവനും വിധിക്കപ്പെട്ടവന ും അപകടകരമായ ഒരവസ്ഥയെ അഭിമുഖീകരിക്കുന്നു. സഹവിശ്വാസിയുടെ നിസ്സാര തെറ്റുകളെ അവരുടെ അസാന്നദ്ധ്യത്തിൽ മറ്റുള്ളവരിലേക്ക് പകരുന്നതിലൂടെ യേശുവിന്റെ വിലപ്പെട്ട കല്പനയെ മോശയെപ്പോലെ കല്ലിൽതല്ലി തകർക്കുകയാണെന്ന് അറിഞ്ഞുകൊള്ളണം മറ്റുള്ളവർ നമ്മെ വിധിക്കുന്നത് നമുക്കിഷ്ടമല്ലല്ലോ? പിന്നെന്തിനാണ് നാം അവരെ വിധിക്കുന്നത്?

സഹവിശ്വാസി തെറ്റുചെയ്താൽ സ്നേഹത്തോടെ അവനെ സമീപിക്കണം. വെറുപ്പോടെ സഹോദരന്റെ തെറ്റുകൾ ചൂീക്കാണിക്കുന്ന തിലൂടെ അതിലും വലിയ തെറ്റാണ് നാം ചെയ്യുന്നത്. നമ്മിൽ കാപട്യം വച്ചുകൊ് ഒരുവിശ്വാസിയുടെ തെറ്റുകളെ ചൂീക്കാട്ടുന്നതുകൊ് യാതൊരു ഫലവുമില്ല.

> വിശുദ്ധമായതു നായ്ക്കൾക്കു കൊടുക്കരുത്; നിങ്ങളുടെ മുത്തുകളെ പന്നികളുടെ മുമ്പിൽ ഇടുകയുമരുത്; അവ കാൽകൊ് അവയെ ചവിട്ടുകയും തിരിഞ്ഞുനിങ്ങളെ ചീന്തിക്കളയുകയും ചെയ്യുവാൻ ഇടവരരുത്. (മത്താ 7:6).

പരിഹാസി നിന്നെ പകക്കാതിരിക്കേതിന് അവനെ ശാസിക്കരുത്; ജ്ഞാനിയെ ശാസിക്ക, അവൻ നിന്നെ സ്നേഹിക്കും (സദൃ:9:8). സുവിശേഷത്തെ നിഷേധിക്കുന്നവരുടെ വീട്ടിനുമുമ്പിൽ നിങ്ങളുടെ കാലിലെ പൊടി തട്ടിക്കളയുക എന്ന് യേശു ശിഷ്യന്മാരെ ഉപദേശിച്ചു. സത്യത്തെ

സ്വീകരിക്കുവാൻ വിസമ്മതിക്കുന്നവരെയാണ് നായ എന്ന് സംബോധന ചെയ്തിരിക്കുന്നത്. ത്യജിക്കപ്പെട്ട ഇക്കൂട്ടരുടെ മുമ്പിൽ സുവിശേഷത്തിന്റെ വാതിലുകൾ അടയ്ക്കപ്പെട്ടിരിക്കുന്നു. മറ്റനേകർ സുവിശേഷത്തിനായി കാതോർക്കുന്നതിനാൽ സുവിശേഷം എത്തിയിട്ടില്ലാത്ത ദേശത്തേക്ക് ദൈവം തന്റെ ദാസന്മാരെ അയയ്ക്കും, ഇവരോ ത്യജിക്കപ്പെടും.

## പ്രാർത്ഥനയ്ക്ക് പ്രോത്സാഹനം
## (Encouragement to Pray)

യേശുവിന്റെ സന്ദേശത്തിന്റെ അവസാന ഭാഗത്തേക്ക് നാം വന്നുചേർന്നിരിക്കുന്നു. പ്രാർത്ഥിക്കാനുള്ള ചില പ്രോത്സാഹനത്തോടെ ഇത് ആരംഭിക്കുന്നു.

> യാചിപ്പിൻ എന്നാൽ നിങ്ങൾക്കുകിട്ടും; അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കത്തെും; മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കും,യാചിക്കുന്ന ഏവനും ലഭിക്കുന്നു: അന്വേഷിക്കുന്നവൻ ക ത്തുന്നു. മുട്ടുന്നവനു തുറക്കും മകൻ അപ്പം ചോദിച്ചാൽ അവനു കല്ലുകൊടുക്കുന്ന മനുഷ്യൻ നിങ്ങളിൽ ആരുള്ളു? മീൻ ചോദിച്ചാൽ അവനു പാമ്പിനെ കൊടുക്കുമോ? അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു തന്നോടു യാചിക്കുന്നവർക്കു നന്മ എത്ര അധികം കൊടുക്കും? (മത്താ 7: 7–11).

ഗിരിപ്രഭാഷണത്തിന്റെ ഒരു ഭാഗമാണിത്; ഇതിൽ വിശുദ്ധിയെ പ രമാർശിച്ചിട്ടില്ലാ എന്ന് ഇത് വായിക്കുന്ന ചിലർക്കുതോന്നാം. നീതിക്കുവേ വിശപ്പും ദാഹവുമുള്ളവൻ യേശുവിന്റെ കല്പനകൾ അനുസരിക്കാൻ ആഗ്രഹിക്കുന്നു, ആ ആഗ്രഹം തന്റെ പ്രാർത്ഥനയിൽ പ്രതിഫലിക്കുന്നു. യേശു നമുക്ക് പഠിപ്പിച്ചുതന്ന പ്രാർത്ഥന ദൈവത്തിന്റെ ഇഷ്ടത്തേയും വിശുദ്ധിയേയും വെളിപ്പെടുത്തുന്നതാണ്.

അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാന ങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവുതന്നോടു യാചിക്കുന്നവർക്കു പരിശുദ്ധാത്മാവിനെ എത്രഅധികം കൊടുക്കും? (ലൂക്കോ 11:13). ''നല്ല ദാനങ്ങൾ'' എന്നു യേശു അർത്ഥമാക്കിയത് ആഡംബര വസ്തുക്കളെയല്ല, നല്ല ദാനം പരിശുദ്ധാത്മാവാണ് സുവിശേഷത്തെ പരത്താൻ തന്മൂലം വിശുദ്ധി ആർജ്ജിക്കാൻ സഹായിക്കുന്നത് പരിശുദ്ധാത്മാവാണ്. വിശുദ്ധിയുള്ളവർ സ്വർഗ്ഗരാജ്യം അവകാശമാക്കും.

മറ്റ് നല്ല ദാനങ്ങൾ എന്നു പറയുന്നത് ദൈവത്തിന്റെ ഇഷ്ടത്തിന് അധീനത്തിലാണ്. ദൈവത്തിന്റെ ഇഷ്ടത്തേയും രാജ്യത്തേയും കുറിച്ച്

ദൈവം അതീവ ബോധവാനാണ്. തന്മൂലം ദൈവരാജ്യത്തെ പ രാമർശിക്കുന്ന പ്രാർത്ഥനകൾക്ക് നിശ്ചയമായും ദൈവം ഉത്തരം നൽകും.

## പ്രസ്താവനയുടെ രത്നചുരുക്കം
## (A Summarising Statement)

യേശുവിന്റെ അരുളപ്പാടുകളെ ക്രോഡീകരിച്ചു പ്രസ്താവിക്കുന്ന ഒരു വചനഭാഗത്തുനാം വന്നിരിക്കുന്നു. പലരും തള്ളിക്കളയുന്ന ഇതിന്റെ പ്രാധാന ്യം എന്തെന്നുനോക്കാം. ഈ വചനം അതുകൊ് എന്ന വാക്കിൽ ആരംഭിക്കുന്നു. ഇത് യേശുവിന്റെ ഉപദേശങ്ങളുടെ മർമ്മം വെളിപ്പെടുത്തുന്നു.

> മനുഷ്യൻ നിങ്ങൾക്ക് ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കുന്നത് ഒക്കേയും നിങ്ങൾ അവർക്കും ചെയ്വിൻ (മത്താ 7:12).

ഞാൻ ന്യായപ്രമാണത്തേയോ പ്രവാചകന്മാരേയോ, നീക്കേതിന് വന്നു എന്നു നിരൂപിക്കരുത്, നീക്കുവാനല്ല, നിവർത്തിപ്പാനത്രെ ഞാൻ വന്നത് മുൻ പ്രസംഗങ്ങളിലെല്ലാം യേശു ഊന്നിപ്പറഞ്ഞത് ഈ പ്രസ്താവന യായിരുന്നു. പഴയനിയമത്തിലെ ദൈവിക കല്പനകളെ യേശു ഉറപ്പിക്കുകയായിരുന്നു. മനുഷ്യൻ നിങ്ങൾക്ക് ചെയ്യണമെന്ന് നിങ്ങൾ കാക്ഷിക്കുന്നതൊക്കേയും നിങ്ങൾ അവർക്കും ചെയ്യുവിൻ എന്നത് ന്യായപ്രമാണത്തിന്റേയും പ്രവാചകന്മാരുടേയും സന്ദേശമാണ് (മത്താ 7:12) പ്രമാണവും, പ്രവാചകന്മാരും മത്താ 5:17 മുതൽ 7:12 വരെ യേശു പറഞ്ഞ വചനഭാഗങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.

യേശുവിന്റെ പ്രസംഗത്തിന്റെ ഉപസംഹാരത്തിൽ യേശു ഊന്നിപ്പറയുന്ന വിഷയം ശ്രദ്ധിക്കുക – വിശുദ്ധിയുള്ളവർ മാത്രമെ ദൈവരാജ്യം കൈവശമാക്കുകയുള്ളു.

> ഇടുക്കുവാതിലിൽകൂടെ അകത്തുകടപ്പിൻ; നാശത്തിലേക്കുപോകുന്ന വാതിൽ വീതിയുള്ളതും വഴിവിശാലവും അതിൽകൂടി കടക്കുന്നവർ അനേകരും ആകുന്നു. ജീവങ്കലേക്കു പോകുന്ന വാതിൽ ഇടുക്കവും വഴിഞെരുക്കവുമുള്ളതും. അതുകത്തെുന്നവർ ചുരുക്കമത്രേ (മത്താ 7: 13–14).

ജീവങ്കലേക്കുള്ള ഇടുങ്ങിയ വഴി രക്ഷയുടെ പ്രതീകമാണ്, അതു വളരെകുറച്ചുപേർ മാത്രമെ കത്തെുന്നുള്ളു. പെരുവഴികൾ നാശത്തിന്റെ പ്രതീകമാണ്, ഭൂരിപക്ഷം ആളുകളും അത് തെരഞ്ഞെടുക്കുന്നു. ചുരുക്കത്തിൽ, യേശുവിന്റെ കല്പനകളെ പ്രമാണിച്ച് അവന്റെ വഴികളിൽ ന ടക്കുന്നവർ ഇടുങ്ങിയ വഴിയിലൂടെയാണ് നടക്കുന്നതെങ്കിലും അത് നിത്യജീവനെ പ്രദാനം ചെയ്യുന്ന ജീവന്റെ വഴിയാണ്. വിശാലമായ വഴി ഇതിന്റെ വിപരീതമാണ്. എത്രയോ ക്രിസ്ത്യാനികൾ ജീവന്റെ വഴിവിട്ട് നാശത്തിന്റെ പാതതെരഞ്ഞെടുക്കുന്നു? ശിഷ്യന്മാരെ സമ്പാദിക്കുന്ന

ശുശ്രൂഷകരും, അവരുടെ ശിഷ്യന്മാരും ഈ ഇടുങ്ങിയ പാതയാണ് തെരഞ്ഞെടുക്കുന്നത്.

യേശുവിന്റെ പ്രസംഗത്തിൽ രക്ഷയും ശിക്ഷയും പ്രധാന വിഷയങ്ങളാണ്. എന്നാൽ വിശ്വാസത്തിനു യാതൊരു പ്രാധാന്യവും യേശു നൽകുന്നില്ലായെന്ന് ഒരു അംഗീകൃതക്രിസ്ത്യാനിക്കു തോന്നിയേക്കാം. വിശ്വാസവും പെരുമാറ്റവും വിഭജിക്കപ്പെടാൻ കഴിയാത്ത ഒരു സത്യമാണെന്ന് വിശ്വസിക്കുന്നവർക്ക് ഇത് പ്രശ്നമല്ല. യേശുവിനെ അന ുസരിക്കുന്നവർ അവരുടെ വിശ്വാസത്തെ പ്രവർത്തിയിൽ പ്രകടമാക്കും. യേശുവിനെ അനുസരിക്കാത്തവർ അവൻ ദൈവപുത്രനാണെന്ന് അംഗീകരിക്കയില്ല. ദൈവത്തിനു നമ്മോടുള്ള കൃപയുടെ പ്രകടനമാണ് നമ്മുടെ രക്ഷയും മാനസാന്തരവും. നമ്മിൽ പകരുന്ന വിശുദ്ധി ദൈവത്തിന്റെ വിശുദ്ധിയാണ്.

## വ്യാജമതനേതാക്കളെ എങ്ങനെ തിരിച്ചറിയാം
## (How to Recognise False Religious Leaders)

നാശത്തിന്റെ പാതയെ തിരിച്ചറിയാതെ ജനത്തെ ശാപത്തിലേക്ക് ന യിക്കുന്ന വ്യാജ പ്രവാചകന്മാരെക്കുറിച്ച് യേശു ശിഷ്യന്മാർക്ക് മുന്നറിയിപ്പ് ന ൽകുന്നു. കപടവേഷധാരികളായ അവർ ദൈവത്തിൻനിന്നുള്ളവരല്ല. കപടനേതാക്കന്മാരും കപട ഉപദേശകന്മാരും ഈ ഗണത്തിൽപ്പെടുന്നു. ഇവരെ എങ്ങനെതിരിച്ചറിയും?

> കള്ള പ്രവാചകന്മാരെ സൂക്ഷിച്ചുകൊൾവിൻ; അവർ ആടുകളുടെ വേഷം പൂ നിങ്ങളുടെ അടുക്കൽ വരുന്നു. അകമേയോ കടിച്ചുകീറുന്ന ചെന്നായ്ക്കളാകുന്നു. അവരുടെ ഫലങ്ങളാൽ നിങ്ങൾക്ക് അവരെ തിരിച്ചറിയാം. മുള്ളുകളിൽനിന്ന് മുന്തിരിപ്പഴവും ഞെരിഞ്ഞിലുകളിൽ നിന്ന് അത്തിപ്പഴവും പറിക്കുമാറുണ്ടോ? നല്ല വൃക്ഷമൊക്കെയും നല്ല ഫലം കായ്ക്കുന്നു: ആകാത്ത വൃക്ഷമോ ആകാത്ത ഫലം കായ്ക്കുന്നു. നല്ല വൃക്ഷത്തിന് ആകാത്ത ഫലവും, ആകാത്ത വൃക്ഷത്തിന് നല്ല ഫലവും കായ്പാൻ കഴിയുകയില്ല. നല്ല ഫലം കായ്ക്കാത്ത വൃക്ഷമൊക്കെയും വെട്ടി തീയിൽ ഇടുന്നു. ആകയാൽ അവയുടെ ഫലത്താൽ നിങ്ങൾ അവയെ തിരിച്ചറിയും. എന്നോട് കർത്താവേ, കർത്താവേ എന്നു പറയുന്നവനേവനുമല്ല; സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവർ ആണ് സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്. കർത്താവേ, കർത്താവേ നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പ ുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കുകയും ചെയ്തില്ലയോഎന്ന് പലരും ആ നാളിൽ എന്നോടുപറയും. അന്ന് ഞാൻ അവരോട് : ഞാൻ ഒരു നാളും

നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടു പോകുവിൻ എന്ന് തീർത്തുപറയും (മത്തായി 7:15-23).

വ്യാജഉപദേഷ്ടാക്കൾ വഞ്ചകരാണ്. ബാഹ്യമായി അവരിൽ വ്യാജഭാവം ദർശിക്കാൻ കഴിയുകയില്ല. അവർ യേശുവിനെ കർത്താവെന്നു പറയുകയും പ്രവചിക്കുകയും ഭൂതങ്ങളെ പുറത്താക്കുകയും അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്യും. ആട്ടിൻതോലിട്ട അവർ ആട്ടിൻ തോലേന്തിയ ചെന്നായ്ക്കളാണ്. അവർ യഥാർത്ഥ ആടുകളല്ല. ഇവരെ എങ്ങനെ തിരിച്ചറിയും? അവരുടെ ഫലത്താൽ അവരെ തിരിച്ചറിയാം.

യേശു പറഞ്ഞ ഈ ഫലങ്ങൾ എന്താണ്? ഇത് അത്ഭുതത്തിന്റെ ഫലങ്ങളല്ല. യേശു പഠിപ്പിച്ച അനുസരണയുടെ ഫലങ്ങളാണ്. യഥാർത്ഥ ആടുകൾ പിതാവിന്റെ ഇഷ്ടം ചെയ്യുന്നു. വ്യാജന്മാർ പ്രമാണത്തെ നിഷേധിക്കുന്നു. (7:23). യേശു പഠിപ്പിച്ച കല്പനകളുമായി അവരുടെ ജീവിതത്തെ താരതമ്യപ്പെടുത്തി അവരെവിലയിരുത്താം. സഭകളിൽ വ്യാജ ഉപദേഷ്ടാക്കന്മാരും കള്ളപ്രവാചകന്മാരും കടന്നുകൂടിയിരിക്കുന്നു. കള്ള പ്രവാചകന്മാർ പലരും വന്ന് അനേകരെ തെറ്റിക്കും എന്ന് യേശുവും പ ൗലോസും മുന്നറിയിപ്പ് നൽകിയിട്ടു് (മത്തായി 24:11, 2 തിമൊ 4:3,4).

വിശുദ്ധികൂടാതെ സ്വർഗ്ഗരാജ്യം പ്രാപിക്കാം എന്നതാണ് കള്ള പ്രവാചകന്മാരുടെ ഭാഷ്യം. കോടിക്കണക്കിന് ജനങ്ങളുടെ നാശത്തിന് ഇത് വഴിതെളിക്കും. അവരെക്കുറിച്ച് ജോൺ വെസ്ലി എഴുതി:

> ഇതെന്തു ഭീകരമാണ്!--ദൈവത്തിന്റെ സ്ഥാനപതികൾ പിശാചിന്റെ പ്രതിനിധികളായിരിക്കുന്നു!--സ്വർഗ്ഗരാജ്യത്തിലേക്കുള്ള മാർഗ്ഗം ഉപദേശിക്കേവർ നരകത്തിലേക്കുള്ള മാർഗ്ഗത്തിന്റെ ചൂപലക കളായിത്തീരുന്നു. ഇതിനെ ചോദ്യം ചെയ്താൽ ആര്?, എന്ത്?, ഏത്? എന്നുത്തരം പറഞ്ഞു ഒഴിഞ്ഞുമാറും. എന്നാൽ ഞാൻ പറയട്ടെ ജ്ഞാനവും വൈഭവവും ഉന്നു കരുതുന്ന ആയിരക്കണക്കിനു വ്യക്തികൾ സഭാവ്യത്യാസമില്ലാതെ ജനത്തെ പാപത്തിന്റെ വഴിയിൽ നടക്കാൻ അനുവദിച്ച് സ്വർഗ്ഗരാജ്യത്തിന്റെ പ ാതയിൽനിന്നകറ്റുകയാണ്. നിഗളികളായ, ജഡേച്ഛയുള്ള, നീതിയോ കരുണയോ ഇല്ലാത്ത അനേകരെ അവരുടെ പാപത്തെ ബോദ്ധ്യപ്പെടുത്താതെ നരകത്തിന്റെ വഴിയെ നയിക്കുകയാണ്. കള്ളപ്രവാചകന്മാരായ ഇവർ ലോകത്തിൽ ഉന്നതസ്ഥാനമുള്ളവരാണ്. ദൈവത്തിനും മനുഷ്യനും ദ്രോഹം ചെയ്യുന്നവർ. അന്ധകാരത്തിന്റെ സാമ്രാജ്യത്തിലേക്ക് അണികളെ ചേർക്കുകയാണ് ഇവർ. ഇവരെ പ ിൻപറ്റുന്നവർക്ക് ആത്മീക മരണം സംഭവിക്കുന്നു. നരകം തന്നെ അവരുടെ കാൽചുവട്ടിൽഎത്തി ഊഷ്മളമായി സ്വീകരിച്ച് നരകത്തിന്റെ ഇരു അറകളിൽ നിറക്കുന്നു.[48]

[48] . ജാൺ വെസ്ലിയുടെ കൃതികൾ (ബേക്കർ: ഗ്രാന്റെ......... 1996). 1872ൽ രചിക്കപ്പെട്ടത്. വേസ്ലിയൻ മെഥോഡിസ്റ്റ് ബുക്ക് റൂം, ലൻ, പു. 441, 416.

മത്തായി 7:15–23 യേശു മുന്നറിയിപ്പുനൽകുന്ന വ്യാജ ഉപദേഷ്ടാക്കളെ ക്കുറിച്ചാണ് വെസ്ലി ഇവിടെ സൂചിപ്പിക്കുന്നത് നല്ല ഫലം കായ്ക്കാത്തവരെ നരകത്തിലെറിയും (7:19) എന്ന യേശുവിന്റെ വചനത്തിനുവിപരീതമായിട്ടാണ് ഇന്നത്തെ ഉപദേഷ്ടാക്കൾ പഠിപ്പിക്കുന്നത് പ്രവാചകന്മാർക്കും ഉപദേഷ്ടാക്കൾക്കും മാത്രമല്ല, ഏവർക്കും ഇത് ബാധകമാണ് "കർത്താവേ, കർത്താവേ എന്നു വിളിക്കുന്നവരല്ല, പിതാവിന്റെ ഇഷ്ടം ചെയ്യുന്നവരത്രെ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്" (മത്താ 7:21) പ്രവാചകന്മാർക്കുമാത്രമല്ല ഏവർക്കും ഇത് ബാധകമാണ്. വിശുദ്ധിയുള്ളവർമാത്രമെ സ്വർഗ്ഗരാജ്യം അവകാശമാക്കുകയുള്ളു. യേശുവിനെ അനുസരിക്കാത്തവരെല്ലാം നരകത്തിനുവിധിക്കപ്പെട്ടവരാണ്.

നല്ല വൃക്ഷം നല്ല ഫലം കായ്ക്കും, ആകാത്തതൊ നല്ല ഫലം പ ുറപ്പെടുവിക്കുകയില്ല. ഒരുവന്റെ ഉള്ളിൽ ഉള്ളതിനേയും പുറമെ കാണുന്നതിനേയും ബന്ധപ്പെടുത്തിയാണ് യേശു സംസാരിക്കുന്നത്. ഒരുവൻ ബാഹ്യമായി പുറപ്പെടുവിക്കുന്ന ഫലം അവന്റെ ഉള്ളത്തിന്റെ അവസ്ഥയെ വെളിവാക്കുന്നു.[49] യേശുവിൽ വിശ്വസിക്കുന്ന ഒരുവനിൽ ദൈവകൃപ ചൊരിയപ്പെടും ഈ കൃപ അവന്റെ അവസ്ഥക്ക് മാറ്റം വരുത്തും.

## രത്നചുരുക്കവും ഒരു മുന്നറിയിപ്പും
## (A Final Warning and Summary)

"വിശുദ്ധിയുള്ളവർ മാത്രമെ സ്വർഗ്ഗരാജ്യത്തിൽ കടക്കുകയുള്ളു" യേശുവിന്റെ സന്ദേശത്തിന്റെ കാതലായ ഉപദേശമാണിത്. യേശുവിന്റെ പ്രാഭാഷണം ഈ മുന്നറിയിപ്പോടെയാണ് അവസാനിക്കുന്നത്.

> ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ ഒക്കേയും പ ാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാറ്റ് അടിച്ചു അത് വീട്ടിന്മേൽ അലച്ചു. അത് പറമേൽ അടിസ്ഥാനമുള്ളതാകയാൽ വീണില്ല. എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യാത്തവൻ ഒക്കെയും മണലിന്മേൽ

---

49 . പാപക്ഷമയ്ക്ക് യാചിക്കുവാൻ പ്രോത്സാഹിപ്പിക്കുമ്പോൾ ചിലർ പറയാറുു് ഞങ്ങളുടെ ഹൃദയങ്ങളിൽ എന്താണുള്ളത് എന്ന് ഞങ്ങൾക്ക് അറിയുകയില്ല. നിങ്ങളുടെ പ ുറമെയുള്ളത് അകമെയുള്ളതിന്റെ പ്രതിഫലനമാണെന്ന് യേശു പറയുന്നു. ഹൃദയം നിറഞ്ഞു കവിയുന്നതിൽനിന്നല്ലോ വായ് സംസാരിക്കുന്നത് (മത്താ 12:34). കയ്പുള്ളവാക്കുകൾ പറയുന്നവന്റെ ഹൃദയം കയ്പുനിറഞ്ഞതാണ്. അകത്തുനിന്നും, മന ുഷ്യരുടെ ഹൃദയത്തിൽനിന്നുതന്നെ ദുശ്ചിന്ത, വ്യഭിചാരം, പരസംഗം, കൊലപാതകം, മോഷണം, അത്യാഗ്രഹം, ദുഷ്ടത, ചതി, ദുഷ്കർമ്മം, വിടക്കുകണ്ണ്, ദൂഷണം, അഹങ്കാരം, മൂഢത, എന്നിവ പുറപ്പെടുന്നു. മർക്കോ (7:21–22). വ്യഭിചാരം ചെയ്യുന്നവന്റെ ഉള്ളിൽ എ ന്താണുള്ളത്? വ്യഭിചാരചിന്തകൾ തന്നെ!

വീടുപണിത മനുഷ്യനോടു തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു. നദികൾ പൊങ്ങി കാറ്റ് അടിച്ചു ആ വീട്ടിൽ അലെച്ചു അതുവീണു, അതിന്റെ വീഴ്ച വലിയതായിരുന്നു (മത്താ 7.24-27).

പലരും കരുതുന്നതുപോലെ യേശുവിന്റെ പ്രഭാഷണം നേട്ടം കൊയ്യാനുള്ള ഒറ്റമൂലിയല്ല. സാമ്പത്തിക ഭദ്രതനേടുവാനുള്ള ഒരുപാധിയുമല്ല. ഇതാണ് യേശുവിന്റെ ഗിരിപ്രഭാഷണത്തിന്റെ കേന്ദ്രബിന്ദു. യേശുവിന്റെ വാക്കു കേട്ടതനുസരിക്കുന്നവർ ബുദ്ധിയുള്ളവരാണ് അവരുടെ പ്രവർത്തി പ ാറമേൽ അടിസ്ഥാനമിട്ടുപണിത വീടുപോലെ നിലനില്കുന്നതായിരിക്കും. അവന്റെ വാക്കുകേട്ടനുസരിക്കാത്തവർ കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടുകൂടിയ മഹത്വവും വിട്ടകന്നു നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കും (2 തെസ. 1:9).

## ഒരു ചോദ്യത്തിനുള്ള ഉത്തരം
## (Answer to a Question)

യേശു മരിച്ച് ഉയർത്തേഴുന്നേൽക്കുംമുമ്പ് യേശുവിനെ പ ിൻപറ്റിയവർക്കു വേി ആയിരുന്നുവോ യേശുവിന്റെ ഗിരിപ്രഭാഷണം? രക്ഷയ്ക്കുള്ള താല്കാലികമായ ഒരു ഉപാധി ആയിരുന്നു പ്രമാണം, എന്നാൽ യേശു നമ്മുടെ പാപങ്ങൾക്കുവേി മരിച്ചതുകൊ്, ഗിരിപ്രഭാഷണത്തിന്റെ പ്രസക്തി ഇന്ന് നഷ്ടപ്പെട്ടുവോ?

ഇത് ദുർബ്ബലമായ ഒരു സിദ്ധാന്തമാണ്. പ്രവൃത്തിമൂലം ആരും രക്ഷിക്കപ്പെടുന്നില്ല. രക്ഷ വിശ്വാസം മൂലം ലഭിക്കുന്നതാണ്. അബ്രഹാമും ദാവീദും അവരുടെ പ്രവൃത്തിമുലമല്ല വിശ്വാസം മൂലമാണ് നീതികരിക്കപ്പെട്ടതെന്ന് പൗലോസ് റോമർ 4-ാം അദ്ധ്യായത്തിൽ പറയുന്നു.

യേശുവിന്റെ കാലഘട്ടത്തിൽ ജീവിച്ചിരുന്നവർ ആരും അവരുടെ പ്രവർത്തിയാൽ രക്ഷിക്കപ്പെട്ടില്ല കാരണം എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിരുന്നു (റോമ 3:23) രക്ഷക്കുള്ള ഏകമാർഗ്ഗം ദൈവകൃപ ആയിരുന്നു. ദൈവകൃപയോ വിശ്വാസത്തിന്റെ ഫലവും ആയിരുന്നു.

യേശുവിന്റെ കല്പനകൾ പാപബോധം ഉളവാക്കുന്നു, എന്നാൽ രക്ഷ സത്പ്രവൃത്തികൾ ചെയ്യുന്നതിലുടെ ലഭിക്കുന്നു എന്നു വിശ്വസിക്കുന്നവർ അനേകർ ഇന്നും ു്. വിശ്വാസം മൂലം നാം രക്ഷിക്കപ്പെട്ടു. എന്നാൽ മറ്റുള്ളവർ രക്ഷിക്കപ്പെടുന്നതിൽ താത്പര്യമില്ല--എന്നു നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾക്ക് യേശുവിന്റെ കല്പനകളെ തിരസ്കരിക്കാം. കർത്താവിന്റെ കല്പനയെ കാറ്റിൽ പറത്തി, രക്ഷയെ പ്രസംഗിച്ചു നടക്കാം.

നിങ്ങൾ ലോകത്തെല്ലായിടത്തും പോയി ശിഷ്യന്മാരെനേടി അവരിൽ കുറ്റബോധം വരുത്തി എന്റെ കല്പനകളാണ് അവരെ രക്ഷിച്ചത് എന്ന്

അവരോടുപറയണമെന്ന് യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചില്ല. -- ആകയാൽ നിങ്ങൾ പുറപ്പെട്ട്, പിതാവിന്റേയും, പുത്രന്റേയും, പരിശുദ്ധത്മാവിന്റേയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും, പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുകൊും സകല ജാതികളേയും ശിഷ്യന്മാരാക്കിക്കൊൾവിൻ --എന്നാണ് യേശു പറഞ്ഞത് (മത്താ 28:19-20) ശിഷ്യന്മാരെ നേടുന്ന ശുശ്രുഷകൻ ഇങ്ങനെയാണ് ചെയ്യേത്.